# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി-4/101/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 22/03/2022
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി

സർ,

**വിഷയം : കാഞ്ഞങ്ങാട് മുൻസിപാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം (ഇ.മെയിൽ)
2) സെക്രട്ടറി, തദ്ദേശ സ്വയംഭരണവകുപ്പ് തിരുവനന്തപുരം ( ഉപരിപത്രം സഹിതം)
3) റീജിയണൽ ജോയന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ് , കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയപകർപ്പ്

നമ്പർ: കെ.എസ്.എ.കെ.എസ്.ഡി-4/101/2022 തീയ്യതി: 22/03/2022

## കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് **295(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് മുൻസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 37 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നാരായണ കമ്മത്ത് .പി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-01-2022 | 20-01-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-01-2022 | 20-01-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1)വിനോത് കുമാർ.സി,ഓഡിറ്റ് ഓഫീസർ

2)വിനീത് കുമാർ കെ.പി,ഓഡിറ്റ് ഓഫീസർ

3)തോമസ് കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

4)രഘുനാഥൻ കെ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

5)ജെനു കുര്യാക്കോസ്,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

6)ബാബു എം,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

7)കെ.സി.കുഞ്ഞികൃഷ്ണൻ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

8)സുനിൽ കുമാർ എം,സീനിയർ ഗ്രേഡ് ഓഡിറ്റർ

9)അരുൺ ദേവ് വി.ആർ,സീനിയർ ഗ്രേഡ് ഓഡിറ്റർ

10)ഹരിവേണുഗോപാലൻ കെ.വി,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വി.വി. രമേശൻ | ചെയർമാൻ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 27-12-2020 |
| കെ.വി.സുജാത | ചെയർപേഴ്സൺ | 28-12-2020 | 31-03-2021 |
| ഗിരീഷ്.എം.കെ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റോയി മാത്യു | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| ശ്രീജ.എം.പി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ജയചന്ദ്രൻ. പി.വി | പ്രൊജക്ട് ഓഫീസർ ദാരിദ്ര്യ ലഘൂകരണ വിഭാഗം | 01-04-2020 | 31-03-2021 |
| രാജശേഖരൻ നായർ പി.പി | ഹെൽത്ത് സൂപ്പർവൈസർ | 01-04-2020 | 12-04-2020 |
| രഞ്ജിത്ത് കുമാർ | ഹെൽത്ത് സൂപ്പർവൈസർ | 13-04-2020 | 30-07-2020 |
| രാജഗോപാലൻ നായർ | ഹെൽത്ത് സൂപ്പർവൈസർ | 31-07-2020 | 31-03-2021 |
| ബിന്ദു.എ.ഒ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2020 | 20-05-2020 |
| ഗ്രീഷ്മ.ടി.എം | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 21-05-2020 | 31-03-2021 |
| രാധാകൃഷ്ണൻ.എം.വി | പ്രധാനധ്യാപകൻ | 01-04-2020 | 26-10-2020 |
| ജോയി.സി.സി | പ്രധാനധ്യാപകൻ | 27-10-2020 | 31-03-2021 |
| ഡോ.പ്രകാശ്.കെ.വി | സൂപ്രണ്ട് ജില്ലാ ആശുപത്രി | 01-04-2020 | 31-03-2021 |
| മിനി.പി | പട്ടിക ജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ജോസ് ബാബു | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2020 | 10-11-2020 |
| പോൾ.എം.എഫ് | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 11-11-2020 | 31-03-2021 |
| ഡോ. ജി.എം.സുനിൽ | സീനിയർ വെറ്റിനറി സർജ്ജൻ | 01-04-2020 | 06-07-2020 |
| ഡോ. ബി. ജി. മഞ്ജപ്പ | സീനിയർ വെറ്റിനറി സർജ്ജൻ | 07-07-2020 | 13-09-2020 |
| ഡോ.കെ.വസന്ത കുമാർ | സീനിയർ വെറ്റിനറി സർജ്ജൻ | 14-09-2020 | 31-03-2021 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല. | 1-2-1 |
| 3 | IHSD അക്കൗണ്ടുകളിൽ നിഷ്ക്രിയമായി സ്ഥിതി ചെയ്യുന്നത് 49.03ലക്ഷം രൂപ. | 1-2-2 |
| 4 | വാർഷിക ധനകാര്യ പത്രിക പരിശോധന – നിരീക്ഷണങ്ങൾ | 1-2 |
| 5 | മറ്റ് ബാങ്ക് അക്കൗണ്ടുകൾ | 1-2-3 |
| 6 | റീക്കൺസിലിയേഷൻ പത്രികയിലെ അപാകത | 1-2-4 |
| 7 | KURDFC-ലോൺ വിവരങ്ങൾ വാർഷിക ധനകാര്യപത്രിയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-2-5 |
| 8 | വരവ്-ചെലവ് വിവരം വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-2-6 |
| 9 | നഗരസഭാ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻഫണ്ട് | 1-2-7 |
| 10 | ഡെപ്പോസിറ്റിനത്തിൽ നൽകിയ തുക അഡ്വാൻസ് നൽകിയ ഹെഡിലാണ് ചേർത്തിട്ടുള്ളത്. | 1-2-8 |
| 11 | വാർഷിക ധനകാര്യപത്രികയിലെ മറ്റ് പ്രധാന അപാകതകൾ | 1-2-9 |
| 12 | സാമ്പത്തിക വിശകലനം | 1-3 |
| 13 | വിവിധ ഗ്രാന്റുകളുടെ വിനിയോഗം | 1-4 |
| 14 | പദ്ധതി അവലോകനം. | 1-5 |
| 15 | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി | 1-6 |
| 16 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 17 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 18 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 19 | റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്യാതെ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-10 |
| 20 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല | 1-11 |
| 21 | ഇൻഡസ് ടവർ ഒടുക്കിയിട്ടുള്ള വസ്തു നികുതി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-12 |
| 22 | കെട്ടിട നിർമ്മാണ പെർമിറ്റ് പത്ത് വർഷ സാധുതാ കാലയളവിനു ശേഷവും അനുവദിച്ചതും മറ്റ് അപാകതകളും | 1-13 |
| 23 | കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല | 1-14 |
| 24 | ആലാമിപ്പള്ളി ബസ്റ്റാന്റ് ടെർമിനൽ കം കൊമേഴ്ഷ്യൽ കോംപ്ലക്സ് ലേല നടപടികൾ വൈകുന്നത് സംബന്ധിച്ച്. | 1-15 |
| 25 | ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. | 1-16 |
| 26 | തൊഴിൽ നികുതി പൊതു അപാകതകൾ | 1-17 |
| 27 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് | 1-18 |
| 28 | വസ്തുനികുതി പരിശോധന കണക്കുകളിൽ അപാകത | 1-19 |
| 29 | കല്ലംചിറ റോഡിൽ നിന്നും തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡ് ടാറിംഗും ഓവുചാൽ നിർമ്മാണവും പ്രവൃത്തി-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം. | 1-20 |
| 30 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി-കുറഞ്ഞ നിരക്കിൽ ആദായ നികുതി ഈടാക്കി | 1-21 |
| 31 | ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു. | 1-22 |
| 32 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. | 1-23 |
| 33 | ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ | 1-24 |

| | | |
|---|---|---|
| 34 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും-അപാകതകൾ | 1-25 |
| 35 | വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും-കുറഞ്ഞ നിരക്കിൽ ആദായ നികുതി ഈടാക്കി | 1-26 |
| 36 | നഗരസഭ സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടക ഇനത്തിലും, എച്ച്.ആർ.എ ഇനത്തിലും തുക നൽകി- അനുവദനീയമല്ല. | 1-27 |
| 37 | അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് മാറ്റാൻ തുക മുൻകൂർ നൽകിയത് | 1-28 |
| 38 | വിവിധ പ്രവർത്തികൾക്ക് വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തത് -പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല | 1-29 |
| 39 | ഉപ്പിലക്കൈ കുടിവെള്ള പദ്ധതി | 1-30 |
| 40 | വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി- പട്ടികവർഗ്ഗം -അപാകത | 1-31 |
| 41 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ -അപാകത | 1-32 |
| 42 | PMAY ഭവനപദ്ധതി | 1-33 |
| 43 | പൂർത്തീകരിക്കാത്ത ഭവനങ്ങൾ | 1-34 |
| 44 | വാഴുന്നോറടി കുടിവെള്ള പദ്ധതിക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ പദ്ധതി | 1-35 |
| 45 | വയോമിത്രം പദ്ധതിയ്ക്കായി സാമൂഹ്യ സുരക്ഷാമിഷന് തുക കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-36 |
| 46 | സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ -സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കുന്നില്ല- പൊതു അപാകതകൾ | 1-37 |
| 47 | സ്വച്ഛ് ഭാരത് മിഷൻ (നഗരം)- പദ്ധതി പൂർത്തീകരിച്ചിട്ടില്ല. | 1-38 |
| 48 | സാക്ഷരതാ മിഷന് തുല്യതാ പരീക്ഷാ ഫീസ് നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-39 |
| 49 | അങ്കണ വാടി വർക്കർമാരുടേയും സഹായികളുടേയും ഹോണറേറിയം വിഹിതം-കൈമാറിയതിൽ അപാകത | 1-40 |
| 50 | നഗരസഭ പെൻഷൻഫണ്ട്- അവലോകനം | 1-41 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കല്ലംചിറ റോഡിൽ നിന്നും തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡ് ടാറിംഗും ഓവുചാൽ നിർമ്മാണവും പ്രവൃത്തി-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം. | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-4 |
| 5 | വായ്പ-വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ്ജ്,സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |
| 6 | ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | തീരുമാനം നം.1<br>തിയതി 27-03-2020 | തീരുമാനം നം.1<br>തിയതി 17-02-2021 |
| മുന്നിരിപ്പ് | 109978527 | 139929580 |
| വരവ് | 579995635 | 683878601 |
| ആകെ | 689974162 | 823808181 |
| ചെലവ് | 578092585 | 699316401 |
| നീക്കിയിരിപ്പ് | 111881577 | 124491780 |

## 1-2-1 മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ്- സ്രോതസ്സിൽ നിന്നും കുറവു ചെയ്ത തുക വരുമാനക്കണക്കിൽ ചേർത്തിട്ടില്ല.

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് രണ്ടാം ഗഡു അലോട്ട്മെന്റിൽ നിന്ന് (ജി.ഒ.(ആർടി) നം. 4444/2020/ഫിൻ, തിയതി 03.08.2020) ₹2,14,152/- രൂപ വോട്ടിംഗ് മെഷീന്റെ ചെലവിനത്തിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക 160100402 Maintenenace Fund Non Road എന്ന വരുമാനക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ ജി.ഒ. പ്രൊജക്ട് തയ്യാറാക്കി പ്രസ്തുത ചെലവ് സുലേഖയിൽ ക്രമീകരിച്ചിട്ടില്ല.

## 1-2-2 IHSD അക്കൗണ്ടുകളിൽ നിഷ്ക്രിയമായി സ്ഥിതി ചെയ്യുന്നത് 49.03ലക്ഷം രൂപ.

പ്രവർത്തനം അവസാനിപ്പിച്ച IHSDP പദ്ധതിയുമായി ബന്ധപ്പെട്ട് കാഞ്ഞങ്ങാട് നഗരസഭയിൽ നിലവിലുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകളിലായി 31-3-2021 ൽ 49,03,770 രൂപ നീക്കിയിരിപ്പുണ്ട്. പ്രസ്തുത അക്കൗണ്ടുകളിലെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് സർക്കാരിലേയ്ക്കോ മറ്റ് സ്ഥാപനങ്ങളിലേയ്ക്കോ, വ്യക്തികൾക്കോ നൽകേണ്ട തുകകൾ ഉണ്ടെങ്കിൽ ആയവ കണക്കാക്കി ബാധ്യത തീർപ്പാക്കിയ ശേഷം അവശേഷിക്കുന്ന തുക തിരിച്ചടയ്ക്കുകയോ അല്ലെങ്കിൽ സർക്കാർ/ബന്ധപ്പെട്ട ഏജൻസിയുടെ അനുമതിയോടെ നിലവിൽ നടപ്പിലാക്കി വരുന്ന ഭവന പദ്ധതിയ്ക്കായോ പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണത്തിനായോ വിനിയോഗിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. നടപടികൾ സ്വീകരിച്ച ശേഷം അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യേണ്ടതാണ്. നീക്കിയിരിപ്പു തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ബാങ്ക് | 31-3-2021-ലെ നീക്കിയിരിപ്പ് |
|---|---|---|
| A/C No.--084437 (IHSDP-I) | കാനറ ബാങ്ക് | 19,932 |
| A/C No.--0047918 (IHSDP-II) | പഞ്ചാബ് നാഷണൽബാങ്ക് | 1,84,525 |
| A/C No.--0039885 (IHSDP-I) | പഞ്ചാബ് നാഷണൽബാങ്ക് | 46,99,313 |

## 1-2 വാർഷിക ധനകാര്യ പത്രിക പരിശോധന – നിരീക്ഷണങ്ങൾ

കാഞ്ഞങ്ങാട് നഗരസഭയുടെ 2020-21 വർഷത്തെ ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ ഉപഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

**1-2-3 മറ്റ് ബാങ്ക് അക്കൗണ്ടുകൾ**

**ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിൽ നീക്കിയിരിപ്പ് 3.51 ലക്ഷം രൂപ.**

ഹോസ്ദുർഗ്ഗ് സർവ്വീസ് സഹകരണ ബാങ്കിൽ നിലവിലുള്ള ഇ.എം.എസ് ഭവനപദ്ധതിയുമായി ബന്ധപ്പെട്ട അക്കൗണ്ടിൽ (അക്കൗണ്ട് നം. 0015860) 31-3-2021 ൽ 3,50,754/-രൂപ നീക്കിയിരിപ്പുണ്ട്. നിലവിൽ ഇ.എം.എസ് ഭവന പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായതിനാൽ ഇത്തരം ഒരു അക്കൗണ്ടിന്റെ ആവശ്യം നഗരസഭയ്ക്കില്ല.

**കോർപ്പറേഷൻ ബാങ്ക് A/C No. 041963901 (IM) ൽ അക്കൗണ്ടിൽ 31-3-2021 ൽ ₹18,34,105/- നീക്കിയിരിപ്പുണ്ട്.**

ശുചിത്വ പദ്ധതിയുമായി ബന്ധപ്പെട്ട് മുൻ വർഷങ്ങളിൽ ലഭിച്ച തുകയാണിതെന്നാണ് അധികൃതർ സൂചിപ്പിച്ചിട്ടുള്ളത്. പ്രസ്തുത തുകയുടെ കൃത്യത പരിശോധിച്ച് ഉദ്ദേശ ലക്ഷ്യത്തിനായി വിനിയോഗിക്കുവാനോ അല്ലെങ്കിൽ ബന്ധപ്പെട്ട ഏജൻസിക്ക് തിരികെ നൽകുവാനോ നടപടി കൈക്കൊള്ളേണ്ടതാണ്.

മേൽ പരാമർശിച്ച ബാങ്ക് അക്കൗണ്ടുകൾക്ക് പുറമേ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനും വിവിധ പദ്ധതികളുമായി ബന്ധപ്പെട്ടും മുൻവർഷങ്ങളിൽ ആരംഭിച്ച വിവിധ ബാങ്ക് അക്കൗണ്ടുകൾ പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചതിനുശേഷവും നാമമാത്ര തുകകളുമായി തുടരുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. നിലവിൽ ഇടപാടുകൾ നടത്തുന്നില്ലെങ്കിലും വാർഷിക ധനകാര്യ പത്രികയിൽ മുന്നിരിപ്പിലും നീക്കിയിരിപ്പിലും പ്രസ്തുത അക്കൗണ്ടുകളിലെ തുകകൾ ഉൾപ്പെടുത്തേണ്ട അവസ്ഥയാണുള്ളത്. ഇക്കാര്യം പരിശോധിച്ച് ചുവടെ ചേർത്ത ബാങ്ക് അക്കൗണ്ടുകളിലെ നിലവിലെ നീക്കിയിരിപ്പ് തുകകൾ പരിശോധിച്ച് സർക്കാരിലേയ്ക്കോ മറ്റ് സ്ഥാപനങ്ങളിലേയ്ക്കോ ഒടുക്കേണ്ട തുകകൾ ഉണ്ടെങ്കിൽ ആയവ കണക്കാക്കി ബാധ്യത തീർപ്പാക്കിയ ശേഷം ബാക്കി തുക നഗരസഭയുടെ തനതുഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതും അക്കൗണ്ടുകൾ ക്ലോസ്സ് ചെയ്യേണ്ടതുമാണ്. 31-3-2021 ൽ പ്രസ്തുത അക്കൗണ്ടുകളിലുള്ള നീക്കിയിരിപ്പ് തുക ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നമ്പർ | ബാങ്ക് | 31-3-2021-ലെ CB |
|---|---|---|
| A/C No.--631213 (തനത് ഫണ്ട്) | എസ്.ബി.ഐ | 4,167 |
| SBI A/C No.-00469 (തനത് ഫണ്ട്) | എസ്.ബി.ഐ | 1,92,674 |
| A/C No.--00629 (തനത് ഫണ്ട്) | സിൻഡിക്കേറ്റ് ബാങ്ക് | 2,29,786 |
| A/C No.--010992 (തനത് ഫണ്ട്) | കേരള ഗ്രാമീൺ ബാങ്ക് | 1,55,779 |
| A/C No.--01011555 (ILCS) | കോർപ്പറേഷൻ ബാങ്ക് | 20,433 |
| A/C No.--000501 (ILCS) | ബാങ്ക് ഓഫ് ഇന്ത്യ | 5,105 |
| A/C No.--1898660 (സാക്ഷരത) | കോർപ്പറേഷൻ ബാങ്ക് | 12,021 |
| A/C No.--81279 (IDSMT) | കാനറ ബാങ്ക് | 1,29,040 |
| A/C No.--028535 (SJSRY) | ആന്ധ്രാ ബാങ്ക് | 74,981 |

**1-2-4 റീക്കൺസിലിയേഷൻ പത്രികയിലെ അപാകത**

താഴെ കൊടുത്തിട്ടുള്ള ബാങ്ക് അക്കൗണ്ട് റീ-കൺസിലിയേഷൻ ചെയ്തിരിക്കുന്നത് ആറ് മാസത്തിലധികം പഴക്കമുള്ള ചെക്കുകൾ ഉപയോഗിച്ചാണ്.

| കോഡ് | ബാങ്ക് | AFS പ്രകാരം തുക | 31.03.2017-ലെ CB പാസ്ബുക്ക് പ്രകാരം |
|---|---|---|---|
| 450210100 | SBI-O/F-1 | 2,96,15,742 | 2,94,84,817 |

### 1-2-5 KURDFC-ലോൺ വിവരങ്ങൾ വാർഷിക ധനകാര്യപത്രിയിൽ ഉൾപ്പെടുത്തിയിട്ടില്ല.

KURDFC-ലോൺ വിവരങ്ങൾ വാർഷികധനകാര്യപത്രിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ലോൺ എടുത്തതിന്റെ വിവരങ്ങൾ ലോൺ രജിസ്റ്ററിലും രേഖപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | 2020-21-ൽ ലഭിച്ച ലോൺ തുക | ആകെ | 2020-21-ൽ തിരിച്ചടച്ച ലോൺ തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (മുതൽ) |
|---|---|---|---|---|
| 10,88,66,667 | 1,44,00,000 | 12,32,66,667 | 71,33,334 | 11,61,33,333 |

### 1-2-6 വരവ്-ചെലവ് വിവരം വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**A)** സെക്രട്ടറി ട്രഷറി ബില്ല്ബുക്ക് പ്രകാരം, 08.06.2020-ന് (ബില്ല് നം.22) 7,86,214 രൂപ പാലിയേറ്റീവ് കെയറിന് ആമ്പുലൻസ് വാങ്ങിയ വകയിലും, 21.08.2020-ന് (ബില്ല് നം.30) 4,86,963 രൂപ കുശാൽ നഗർ കടിക്കാൽ ദിനേശ്ബീഡി റോഡ് റീ-ടാറിംഗ് പ്രവർത്തിക്കു വേണ്ടിയും ട്രഷറിയിൽ നിന്ന് പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്. MLA ഫണ്ട് ഇനത്തിലാണ് തുക ലഭിച്ചത്. എന്നാൽ ഈ വരവ്-ചെലവ് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**B)** 160100309-Fund For Transferred Functions/Schemes- Financial Help For Widows Daughters Marriage-എന്ന ഇനത്തിൽ 16,80,000 രൂപ (ബില്ല് നം. 97/31.03.2021) മാത്രമാണ് വരവ് വച്ചിട്ടുള്ളത്. എന്നാൽ ഈ ഇനത്തിൽ 30,000 രൂപ (ബില്ല് നം. 66/06.03.2021) കൂടി വരവ് വന്നിട്ടുണ്ട്. ഇതിനേ തുടർന്ന് 30,000 രൂപയുടെ കുറവ് മേൽ ഹെഡിൽ ഉണ്ടായിട്ടുണ്ട്.

**C)** 160100205-Fund For Transferred Institutions- Social Welfare എന്ന ഇനത്തിൽ 11,52,785 രൂപ (ബില്ല് നം-65/27.2.2021) മാത്രമാണ് വരവ് വച്ചിട്ടുള്ളത്. എന്നാൽ ഈ ഇനത്തിൽ 8,58,705 രൂപ (ബില്ല് നം-15/21.05.2020) കൂടി വരവ് വന്നിട്ടുണ്ട്. ഇതിനേ തുടർന്ന് 8,58,705 രൂപയുടെ കുറവ് മേൽ ഹെഡിൽ ഉണ്ടായിട്ടുണ്ട്.

### 1-2-7 നഗരസഭാ കണ്ടിൻജന്റ് ജിവനക്കാരുടെ പെൻഷൻഫണ്ട്

1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് കാഞ്ഞങ്ങാട് നഗരസഭയിൽ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി പിരിച്ച് ഈ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ നഗരസഭയിൽ ഈ വിഹിതം പിരിക്കുന്നില്ല. പെൻഷൻ ഫണ്ട് അക്കൗണ്ട് തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-2-8 ഡെപ്പോസിറ്റിനത്തിൽ നൽകിയ തുക അഡ്വാൻസ് നൽകിയ ഹെഡിലാണ് ചേർത്തിട്ടുള്ളത്.

2020-21 സാമ്പത്തിക വർഷത്തിൽ ചുവടെ പറയുന്ന തുകകൾ ഡെപ്പോസിറ്റിനത്തിൽ മറ്റ് ഏജൻസികൾക്ക് നൽകിയിട്ടുണ്ട്.

| നിർവ്വഹണ | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം/ബിൽ | മുൻകൂർ |
|---|---|---|---|

| എജൻസി | | നം. | നൽകിയ തുക |
|---|---|---|---|
| KSEB | നം. 100/21 വാഴന്നോറടി കുടിവെള്ള പദ്ധതി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | ബിൽ നം. 82/20.3.21 | 7,08,931 |
| KWA | നം. 118/21 ഉപ്പിലക്കൈ കുടിവെള്ള പദ്ധതി | ബിൽ നം. 00129530/11.4.20 | 10,00,000 |

മേൽ തുക "Other Deposit External Agencies" എന്ന ഹെഡിനു പകരം "Advance To Implementing Agencies" എന്ന ഹെഡിൽ എടുത്തിട്ടുള്ളതായി കാണുന്നു. കൂടാതെ Advance To Implimenting Agencies എന്ന കണക്കിൽ 2011-12 മുതൽ KSEB, KWA എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂറുകളും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. പൂർത്തിയാക്കിയ പ്രവർത്തികളുടെ മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല.

## 1-2-9 വാർഷിക ധനകാര്യപത്രികയിലെ മറ്റ് പ്രധാന അപാകതകൾ

**A)** ബാലൻസ്ഷീറ്റിൽ ഷെഡ്യൂൾ B-7 ൽ ബാധ്യത ഇനത്തിൽ (Deposits Received) ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ (ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലെയിം ചെയ്യിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം നഗരസഭാ ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി നഗരസഭയ്ക്ക് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡിൽ തന്നെയാണ് നിലനിർത്തിയിരിക്കുന്നത്.

**B)** 31.3.2021 ലെ ബാലൻസ് ഷീറ്റിലെ ഹെഡ് -420500100- Investment, Equity Share എന്ന കണക്കിൽ 20,35,000/- രൂപ ആസ്തിയുണ്ട്. എന്നാൽ ഈ ഷെയറുകൾ, Investment Register എന്നിവ ഭൗതികപരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

**C)** 31.3.2021 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-18 പ്രകാരം 3,44,40,966/- രൂപ വിവിധ ഇനങ്ങളിലായി നഗരസഭക്ക് തിരികെ ലഭിക്കുവാൻ ബാക്കിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകകളിൽ 2011-12 മുതൽ നൽകിയ അഡ്വാൻസുകൾ കൂടി ഉൾപ്പെട്ടിട്ടുള്ളതായി പരിശോധനയിൽ കാണുന്നു. ഉദാ:-460500201- Advance To Implimenting Agencies എന്ന കണക്കിൽ 3,19,12,302/- രൂപ നീക്കിയിരിപ്പുണ്ട്. ഇതിൽ 2011-12 മുതൽ KSEB, KWA എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ മുൻകൂറുകളും ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നു. പൂർത്തിയാക്കിയ പ്രവർത്തികളുടെ മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിച്ചതായി കാണുന്നില്ല.

**D)** Reciept & Payments ലെ ഹെഡ്- 180809900- Miscellaneous Receipts എന്ന വരവ് കണക്കിൽ ഉൾപ്പെടുത്തിയ 1,01,856 രൂപ, SBI യിലെ തനത് ഫണ്ട് അക്കൗണ്ടിലും, PNB യിലെ തനത് ഫണ്ട് അക്കൗണ്ടിലും വരവ് വന്ന തിരിച്ചറിയാനാകാത്ത തുകകളായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ തുക ആരിൽ നിന്ന് ?, എന്ത് ആവശ്യത്തിന് ലഭിച്ചു ? എന്ന വിവരം ലഭിച്ചിട്ടില്ല. “Miscellaneous Receipts”എന്ന് ചേർത്ത് തുകകൾ വരവിലെടുക്കുകയാണ് ചെയ്തിട്ടുള്ളത്. ആയതിനാൽ വരവ് കണക്കുകളുടെ ക്ലാസിഫിക്കേഷനും അക്കൗണ്ടിംഗും ശരിയായ രീതിയിലല്ല നടത്തിയിട്ടുള്ളത്.

**E)** Reciept & Payments ലെ ഹെഡ്- 120109900- Others എന്ന വരവ് കണക്കിൽ 76125/-രൂപ വരവ് കാണിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ഓഡിറ്റ് റിക്കവറി, ലേല വരവുകൾ, പിഴ, തുടങ്ങിയ ഇനങ്ങൾ ഉൾപ്പെടുത്തിക്കാണുന്നു.

F) ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം 30 ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും അക്യുമുലേറ്റഡ് ഡിപ്രീസിയേഷൻ 8 ഹെഡുകളിലായി ആണ് അക്കൌണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രീസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രീസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 4,70,47,746/- ആണെങ്കിലും അതിന്റെ ഡിപ്രീസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 13,24,16,840/- ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രീസിയേഷൻ ഹെഡിൽ മാത്രം ഡിപ്രീസിയേഷൻ അക്കൌണ്ട് ചെയ്യുന്നില്ല. കൂടാതെ സ.ഉ. (എം.എസ്) 152/2011/ തസ്വഭവ/26.7.11 പ്രകാരം ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

G) താഴെക്കൊടുത്തിരിക്കുന്ന DCB ഇനങ്ങളുടെ കളക്ഷനുകൾ വാർഷിക സംഗ്രഹം എഴുതാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിലെ കളക്ഷനുമായി ഒത്തുനോക്കുവാൻ സാധിച്ചിട്ടില്ല.

1) തൊഴിൽ നികുതി- എംപ്ലോയീസ്, 2) ഡി&ഒ ലൈസൻസ്, 3) വസ്തുനികുതി, 4) പരസ്യനികുതി, 5) കെട്ടിടനിർമ്മാണ അനുമതി, 6) കെട്ടിട വാടക, 7) മറ്റ് വിവിധ വാടക.

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 179278733.38 |
| വരവ് | 301046003.00 |
| ആകെ | 480324736.38 |
| ചെലവ് | 316797650.00 |
| നീക്കിയിരിപ്പ് | 163527086.38 |

## 1-4 വിവിധ ഗ്രാന്റുകളുടെ വിനിയോഗം

എ) ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം) (2020-21)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 80456000 | 80456000 | 80450005 | 5995 | 99.9 |
| വികസനഫണ്ട് എസ്.സി.പി | 0 | 6858000 | 6858000 | 5853650 | 1004350 | 85.35 |
| വികസനഫണ്ട് ടി.എസ്.പി | 0 | 2456000 | 2456000 | 2231841 | 224159 | 90.87 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 25542900 | 25542900 | 21541126 | 4001774 | 84.33 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 21173000 | 21173000 | 6092134 | 15080866 | 28.7 |
| ധനകാര്യ കമ്മീഷൻ | 0 | 45020000 | 45020000 | 3691918 | 41328082 | 8.2 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് (Tied) | | | | | | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied) | 0 | 120529479 | 120529479 | 52318681 | 68210798 | 43.4 |
| | ആകെ | 302035379 | 302035379 | 172179355 | 129856024 | 57% |

(* വികസനഫണ്ട് പൊതു വിഭാഗത്തിൽ നിന്നും 9121400/- രൂപയും, എസ്.സി.പി യിൽ നിന്നും 160000/- രൂപയും, ടി.എസ്.പി യിൽ നിന്നും 173334 രൂപയും സംരക്ഷണ ഗ്രാന്റ് നോൺറോഡ് വിഹിതത്തിൽ നിന്നും 214152/- രൂപയും സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയിട്ടുണ്ട്. പ്രസ്തുത തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. )

**ബി) ഫണ്ട് വിനിയോഗം റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 71328605 | 71328605 | 71328605 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5693650 | 5693650 | 5693650 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2058507 | 2058507 | 2058507 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 21541126 | 21541126 | 21541126 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5877982 | 5877982 | 5877982 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 52318681 | 52318681 | 52318681 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 0 | 3691918 | 3691918 | 3691918 | 0 |
| ബി ഫണ്ട് | | | | | |
| തൊഴിലില്ലായ്മ വേതനം | 0 | 0 | 0 | 0 | 0 |
| വിവാഹ ധനസഹായം | 0 | 1710000 | 1710000 | 1710000 | 0 |
| വെള്ളപ്പൊക്ക ദുരിതാശ്വാസം - മരാമത്ത് പ്രവൃത്തി ഫണ്ട് | 0 | 8721463 | 8721463 | 8721463 | 0 |
| ഓർഫനേജ് ഗ്രാന്റ് | 0 | 2011490 | 2011490 | 2011490 | 0 |
| എം.എൽ.എ ഫണ്ട് | 0 | 1273177 | 1273177 | 1273177 | 0 |
| CFLTC ഗ്രാന്റ് | 0 | 11901212 | 11901212 | 11901212 | 0 |
| ഇലക്ഷൻ ഗ്രാന്റ് | 0 | 1042102 | 1042102 | 1042102 | 0 |
| പാഡി പ്രൊഡക്ഷൻ ബോണസ് | 0 | 4000 | 4000 | 4000 | 0 |
| മഴക്കാല പൂർവ്വ ശുചീകരണം | 0 | 186206 | 186206 | 186206 | 0 |
| **ട്രഷറി അക്കൗണ്ടുകൾ** | | | | | |
| ട്രഷറി അക്കൗണ്ട് (ജനറൽ പർപ്പസ് ഫണ്ട് &തനത് ഫണ്ട്) 00013 | 8409894 | 2696696 | 11106590 | 11106590 | 0 |
| ട്രഷറി അക്കൗണ്ട് TPA-00161 | 1282210 | 0 | 1282210 | 282210 | 1000000 |

| | | | | | |
|---|---|---|---|---|---|
| ട്രഷറി അക്കൗണ്ട് TPA-00210 | 11364589 | 2510419 | 13875008 | 13775008 | 100000 |
| ട്രഷറി അക്കൗണ്ട് TPA-00228 | 2150 | 5028313 | 5030463 | 4554197 | 476266 |
| ട്രഷറി അക്കൗണ്ട് TPA-00340 | 344729 | 2986614 | 3331343 | 3266088 | 65255 |
| ട്രഷറി അക്കൗണ്ട് LGTSB-00730 | 0 | 30393020 | 30393020 | 29414917 | 978103 |
| ട്രഷറി അക്കൗണ്ട് COVID- 01326 | 0 | 0 | 0 | 0 | 0 |
| **ബാങ്ക് അക്കൗണ്ടുകൾ (തനത്ഫണ്ട്, സംസ്ഥാനാ വിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, മറ്റുള്ളവ)** | | | | | |
| കേരള ബാങ്ക് A/C No.01020056 | 0 | 20405041 | 20405041 | 0 | 20405041 |
| സൗത്ത് ഇന്ത്യൻ ബാങ്ക് A/C No 007107 | 0 | 1727426 | 1727426 | 238 | 1727188 |
| (പഞ്ചാബ് നാഷണൽ ബാങ്ക് A/C No.--0039849(തനത് ഫണ്ട്) | 82316052 | 27631153 | 109947205 | 53529607 | 56417598 |
| (SBI A/C No.--631122 (തനത് ഫണ്ട്) | 16632877 | 14376969 | 31009846 | 1394104 | 29615742 |
| (SBI A/C No.--631213 (തനത് ഫണ്ട്) | 4054 | 113 | 4167 | 0 | 4167 |
| (SBI A/C No.--004692 (തനത് ഫണ്ട്) | 187522 | 5152 | 192674 | 0 | 192674 |
| (SBI A/C No.--34224 (തനത് ഫണ്ട്) | 2178577 | 4737542 | 6916119 | 0 | 6916119 |
| (കാനറ ബാങ്ക് A/C No.--00629 (തനത് ഫണ്ട്) | 224193 | 5593 | 229786 | 0 | 229786 |
| (കേരള ഗ്രാമീൺ ബാങ്ക് A/C No.--010992 (തനത് ഫണ്ട്) | 151201 | 4697 | 155898 | 119 | 155779 |
| ( കാനറബാങ്ക് ബാങ്ക് A/C No.--096712 (തനത് ഫണ്ട്) | 250017 | 1429263 | 1679280 | 36 | 1679244 |
| ( SBI A/C No.--0038541(CAസാലറി) | 31667 | 0 | 31667 | 659 | 31008 |
| (യൂണിയൻ ബാങ്ക് A/C No.--1948943 (ILCS) | 19865 | 568 | 20433 | 0 | 20433 |
| (ബാങ്ക് ഓഫ് ഇന്ത്യ A/C No.--000501 (ILCS) | 4951 | 154 | 5105 | 0 | 5105 |
| (HDFC A/C No.--97225 (PMAY) | 20679371 | 15141580 | 35820951 | 28065220 | 7755731 |
| (IDBI ദുരിതാശ്വാസ നിധി A/C No.--053303) | 193469 | 6157 | 199626 | 0 | 199626 |
| (യൂണിയൻ ബാങ്ക് A/C No.--041963901 (IM) | 1783017 | 51088 | 1834105 | 0 | 1834105 |
| (SBI A/C No.--668500 (RMSA) | 16309 | 448 | 16757 | 0 | 16757 |
| ( കേരള സംസ്ഥാനസഹകരണ ബാങ്ക് A/C No.--020029 (RMSA) | 1828440 | 73716 | 1902156 | 162112 | 1740044 |
| (കാനറ ബാങ്ക് A/C No.--0089127 (ഹഡ്കോ ലോൺ) | 37083 | 1128 | 38211 | 0 | 38211 |
| (പഞ്ചാബ് നാഷണൽ ബാങ്ക് A/C No.--0047909 (AUEGS) | 2566068 | 7580226 | 10146294 | 7555139 | 2591155 |
| ( ഹോസ്ദുർഗ്ഗ് എസ്.സി.ബാങ്ക് A/C No.--0015860 (ഇ.എം.എസ് ഭവനം) | 336562 | 14192 | 350754 | 0 | 350754 |
| (യൂണിയൻ ബാങ്ക് A/C No.--1898660 (സാക്ഷരത) | 11686 | 335 | 12021 | 0 | 12021 |
| (കാനറ ബാങ്ക് A/C No.--084437 (IHSDP-I) | 19343 | 589 | 19932 | 0 | 19932 |
| ( പഞ്ചാബ് നാഷണൽ ബാങ്ക് A/C No.--0047918 (IHSDP-II) | 178868 | 5693 | 184561 | 36 | 184525 |
| ( പഞ്ചാബ് നാഷണൽ ബാങ്ക് A/C No.--0039885 (IHSDP-I) | 4553432 | 145917 | 4699349 | 36 | 4699313 |

| | | | | | |
|---|---|---|---|---|---|
| ( പഞ്ചാബ് നാഷണൽ ബാങ്ക് A/C No.--0039201 (ശുചിത്വ മിഷൻ) | 10836870 | 357683 | 11194553 | 778270 | 10416283 |
| ( കാനറ ബാങ്ക് A/C No.--81279 (IDSMT) | 125579 | 3461 | 129040 | 0 | 129040 |
| ( കാനറ ബാങ്ക് A/C No.--81601 (SSA) | 37441 | 1138 | 38579 | 0 | 38579 |
| ( കാനറ ബാങ്ക് A/C No.--093730 (NULM) | 12307955 | 513407 | 12821362 | 856081 | 11965281 |
| ( യൂണിയൻ ബാങ്ക് A/C No.--028535 (SJSRY) | 73449 | 1871 | 75320 | 339 | 74981 |
| ( കാനറ ബാങ്ക് A/C No.--096403 (MP Fund) | 0 | 832359 | 832359 | 831193 | 1166 |
| ( കാനറ ബാങ്ക് A/C No.--001151 (Escrow) | 71091 | 1143855 | 1214946 | 0 | 1214946 |
| ( പഞ്ചാബ് നാഷണൽ ബാങ്ക് A/C No.--000066320 (സായംപ്രഭ ഹോം) | 218152 | 6942 | 225094 | 36 | 225058 |

**1-5 പദ്ധതി അവലോകനം.**

**ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം.**

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 388 | 342959431 | 272 | 180456064 | - | 116 | 70.10 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21 വർഷ ത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | നഗരസഭ സെക്രട്ടറി | 38 | 34638544 | 27 | 18609807 | 53.72 |
| 2 | മുനിസിപ്പൽ എഞ്ചിനിയർ | 273 | 180504487 | 189 | 100161764 | 55.48 |
| 3 | കൃഷി ഫീൽഡ് ഓഫീസർ | 14 | 32191109 | 11 | 14691892 | 45.63 |
| 4 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 3 | 1975000 | 0 | 0 | 0 |
| 5 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 19210314 | 9 | 18658573 | 97.12 |
| 6 | പ്രിൻസിപ്പൾ ഗവ.ഹയർസെക്കന്ററി സ്കൂൾ | 12 | 5917370 | 12 | 4248263 | 71.79 |
| 7 | മെമ്പർ സെക്രട്ടറി,ദാരിദ്ര്യ ലഘൂകരണ വിഭാഗം | 12 | 36055512 | 7 | 13660615 | 37.88 |
| 8 | ഹെൽത്ത് സൂപ്പർവൈസർ നഗരസഭ | 12 | 21362807 | 4 | 712471 | 3.3 |
| 9 | മെഡിക്കൽ ഓഫീസർ/ സൂപ്രണ്ട് ജില്ലാ ആശുപത്രി | 3 | 2542288 | 3 | 2474090 | 97.31 |
| 10 | സീനിയർ വെറ്ററിനറി സർജ്ജൻ | 3 | 3250000 | 3 | 3000000 | 92.30 |
| 11 | പട്ടിക ജാതി വികസന ഓഫീസർ | 8 | 5312000 | 7 | 4238589 | 79.79 |
| | **ആകെ** | **388** | **342959431** | **272** | **180456064** | **52.61** |

## 1-6 അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 2566068 | 7580226 | 10146294 | 265908 | 2591155 |
| ഗുണഭോക്താക്കൾക്ക് നൽകിയ വേതനം | | | | 7289231 | |
| ആകെ | 2566068 | 7580226 | 10146294 | 7555139 | 2591155 |

.....

| | |
|---|---|
| ആക്ഷൻ പ്ലാൻ പ്രകാരം ആകെ പദ്ധതികൾ | 767 |
| ആക്ഷൻ പ്ലാൻ പ്രകാരം ആകെ അടങ്കൽ | 165593873 |
| തൻവർഷം നടപ്പാക്കിയ പദ്ധതികൾ | 91 |
| സൃഷ്ടിച്ച ആകെ മനുഷ്യദിനം | 36849 |

| | |
|---|---|
| രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങൾ | 2991 |
| തൻവർഷം 100 ദിനം തൊഴിൽ ലഭിച്ചവരുടെ എണ്ണം | 77 |

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം നഗരസഭയിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 13056700 | 986 |
| വിധവാപെൻഷൻ | 49354900 | 3567 |
| വാർദ്ധക്യകാലപെൻഷൻ | 57050400 | 4824 |
| വികലാംഗപെൻഷൻ | 13582100 | 992 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 1741600 | 142 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1710000 | 57 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.01.2022 തീയ്യതിയിൽ 3 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 80,882/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

**പൊതു നിയന്ത്രണം**

കാഞ്ഞങ്ങാട് നഗരസഭാ കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | സൂപ്രണ്ട് | 2 |
| 3 | റവന്യൂ ഇൻസ്പെക്ടർ | 1 |
| 4 | എച്ച്സി/ആർ.ഐ | 2 |
| 5 | സീനിയർ ക്ലർക്ക് | 11 |
| 6 | ക്ലർക്ക്/ബിൽകലക്ടർ | 11 |
| 7 | ക്ലർക്ക്(സൂപ്പർന്യൂമറി) | 1 |
| 8 | ഓഫീസ് അറ്റൻഡന്റ് | 7 |

| | | |
|---|---|---|
| 9 | ഓഫീസ് അറ്റൻഡന്റ്(സൂപ്പർന്യൂമറി) | 1 |
| 10 | സീനിയർഗ്രേഡ് ടൈപ്പിസ്റ്റ് | 1 |
| 11 | ഡ്രൈവർ(HDV Grade II) | 1 |
| 12 | ഡ്രൈവർ(LDVGrade II) | 1 |
| 13 | ലൈബ്രേറിയൻ(Grade-III) | 1 |
| 14 | ഹെൽത്ത് സൂപ്പർവൈസർ | 1 |
| 15 | എച്ച്.ഐ ഗ്രേഡ്-1 | 1 |
| 16 | ജെ.എച്ച്.ഐ ഗ്രേഡ്-1 | 1 |
| 17 | ജെ.എച്ച്.ഐ ഗ്രേഡ്-11 | 4 |
| 18 | കണ്ടിജന്റ് ജീവനക്കാർ | 20 |

28.09.2021 ലെ ഉത്തരവ് നം G1-500/11 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. നഗരസഭയുടെ ദൈനംദിനപ്രവർത്തനത്തിൽ നിരവധി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച് നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നിവ സംബന്ധിച്ച് പരാമർങ്ങളൊന്നും ഇല്ല. ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം ഭരണസമിതി 23 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും വികസന സ്റ്റാന്റിങ്ങ് കമ്മിറ്റി 12 പ്രാവശ്യവും ക്ഷേമകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 13 പ്രാവശ്യവും മരാമത്ത് സ്റ്റാന്റിങ്ങ് കമ്മിറ്റി 10 പ്രാവശ്യവും വിദ്യാഭ്യാസം-കല-കായികം സ്റ്റാന്റിങ്ങ് കമ്മിറ്റി 15 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. നഗരസഭയുടെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിച്ചുവരുന്നില്ല.

നഗരസഭാ കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക വർഷം ഒരുതവണ മാത്രമെ ചേർന്നിട്ടുള്ളൂ. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

**<u>കൺട്രോൾ ഓവർ അക്കൗണ്ട്</u>**

നഗരസഭയിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. ആയത് നഗരസഭയുടെ വരവ് ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടുമുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് നഗരസഭയിൽ പണം സ്വികരിച്ചു വരുന്നത്. ക്ലാർക്കുമാർ സ്വീകരിക്കുന്ന പിരിവു തുക അതാതു ദിവസമോ അല്ലെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസമോ നഗരസഭ ഫണ്ടിൽ അടവാക്കി വരുന്നുണ്ട്. നിഷ്ക്രിയമായി സ്ഥിതി ചെയ്യുന്ന നിരവധി ബാങ്ക് അക്കൗണ്ടുകൾ നഗരസഭ നിലനിർത്തിപ്പോരുന്നുണ്ട്. ഇവ ക്ലോസ്സ് ചെയ്യുവാൻ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയതിനുള്ള നടപടികൾ നഗരസഭ നാളിതുവരെ സ്വീകരിച്ചിട്ടില്ല.

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാന്വൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡിയറി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്ററമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. നഗരസഭയിൽ അക്കൗണ്ടൻറ് തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. നിലവിൽ ഒരു സീനിയർ ക്ലാർക്കിനാണ് അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതിനുള്ള ചുമതല. അക്കൗണ്ടുകൾ കൈകാര്യം ചെയ്യുന്നതു സംബന്ധിച്ച് മതിയായ പരിശീലനം ജീവനക്കാർക്ക് ലഭിക്കാത്തത് പല പോരായ്മകൾക്കും കാരണമാകുന്നുണ്ട്. റസീറ്റു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും ശരിയായ രീതിയിൽ പാലിച്ചുവരുന്നില്ല. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ചെയർമാന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

**<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>**

നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. വിവിധ വരവുകൾ യഥാസമയം തന്നെ ബാങ്ക് അക്കൗണ്ടുകളിൽ വരവു വെക്കുന്നുണ്ട്. നഗരസഭയിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട്ഓഫീസ് സംവിധാനത്തിലൂടെയാണ് നഗരസഭയിൽ പണം സ്വികരിച്ചു വരുന്നത്.

**<u>ഡി.സി.ബി വരവുകളിൻ മേലുള്ള നിയന്ത്രണം</u>**

വിമുക്തഭടൻമാർക്ക് നികുതിയിളവുനൽകുന്നതുമായി ബന്ധപ്പെട്ട് സർക്കാർ ഉത്തരവുപ്രകാരം സൂക്ഷിക്കേണ്ടതായ രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ഓരോ വരവിനത്തിലുമുള്ള ഡിമാൻറുകൾ കൃത്യമായി രേഖപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**<u>നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം</u>**

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട്. വസ്തു നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. വസ്തു നികുതി ഇനത്തിൽ വൻതുക പിരിഞ്ഞുകിട്ടാനുണ്ട്.

**<u>കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.</u>**

നഗരസഭയിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 വർഷത്തിൽ ആകെ 1 തവണ മാത്രമെ യോഗം ചേർന്നിട്ടുള്ളൂ.

**<u>കൺട്രോൾ ഓവർ പേറോൾ</u>**

ജീവനക്കാരുടെ സേവന പുസ്തകത്തിൽ ജനനത്തീയതി സാക്ഷ്യപ്പെടുത്തിക്കാണുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല.

**<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം</u>**

നഗരസഭയിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുംബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായും എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നുണ്ടങ്കിലും മിക്കവയും പൂർണ്ണമല്ല.

**<u>ആസ്തികളിൻമേലുള്ള നിയന്ത്രണം</u>**

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ ആസ്തിരജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

**1-10 റദ്ദാക്കിയ സാംഖ്യ രസീത് സഞ്ചയയിൽ നീക്കം ചെയ്യാതെ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.**

2020-21 സാമ്പത്തിക വർഷം റദ്ദാക്കിയ സാംഖ്യ രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ പറയുന്ന രസീതികൾ,സഞ്ചയയിൽ നിന്നും നീക്കം ചെയ്യാതെ പിരിച്ചെടുത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ക്രമ നമ്പർ | തീയതി | രസീത് നമ്പർ | വാർഡ് | ഡോർ നമ്പർ | തുക |
|---|---|---|---|---|---|
| 1 | 19/6/2020 | 120080101002 | 3 | 1043 | 3935 |
| 2 | 29/9/2020 | 120010102823 | 3 | 1580 | 46 |
| 3 | 02/11/2020 | 120170102492 | 36 | 185 | 1604 |
| 4 | 08/1/2021 | 120080104567 | 3 | 1677 | 1955 |
| 5 | 28/1/2021 | 120080105134 | 14 | 1193 | 675 |
| 6 | 30/1/2021 | 120080105225 | 3 | 1313 | 4800 |
| 7 | 30/1/2021 | 120080105226 | 3 | 1326 | 4740 |
| 8 | 02/2/2021 | 120170104391 | 6 | 655 | 697 |
| 9 | 09/2/2021 | 120080105536 | 2 | 233 | 1245 |
| 10 | 18/2/2021 | 120080106107 | 3 | 1168 | 1468 |
| 11 | 25/2/2021 | 120080106702 | 13 | 496 | 1383 |
| 12 | 27/2/2021 | 120500101332 | 26 | 461 | 144 |
| 13 | 31/3/2021 | 120080108040 | 1 | 268A | 769 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15/20-21, 15.01.2022 ന് സഞ്ചയയിൽ നിന്നും നീക്കം ചെയ്യാത്ത മേൽ പറഞ്ഞ രസീതുകൾ പരിശോധിച്ച് ഡിലീറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-11 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല**

സഞ്ചയസോഫ്റ്റ് വെയർ പ്രകാരം ചുവടെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

1)

| ബിൽഡിംഗ് ഐ.ഡി | ഡോർ നമ്പർ | ഉടമസ്ഥന്റെ പേര് | വിലാസം |
|---|---|---|---|
| 30223010041805 | 3/1632/A/ UAC/2013 | Tulip Telecom Ltd | 60/157 |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ് | സേവന നികുതി | ആകെ നികുതി |
|---|---|---|---|---|---|---|
| 1 | 2013-2014 | ഒന്നാം അർദ്ധവർഷം | 6570 | 329 | 132 | 7031 |

| | | | | | | |
|---|---|---|---|---|---|---|
| 2 | 2013-2014 | രണ്ടാം അർദ്ധവർഷം | 6570 | 328 | 131 | 7029 |
| 3 | 2014-2015 | ഒന്നാം അർദ്ധവർഷം | 6570 | 329 | 132 | 7031 |
| 4 | 2014-2015 | രണ്ടാം അർദ്ധവർഷം | 6570 | 328 | 131 | 7029 |
| 5 | 2015-2016 | ഒന്നാം അർദ്ധവർഷം | 6570 | 329 | 132 | 7031 |
| 6 | 2015-2016 | രണ്ടാം അർദ്ധവർഷം | 6570 | 328 | 131 | 7029 |
| 7 | 2016-2017 | ഒന്നാം അർദ്ധവർഷം | 6570 | 329 | 132 | 7031 |
| 8 | 2016-2017 | രണ്ടാം അർദ്ധവർഷം | 6570 | 328 | 131 | 7029 |
| 9 | 2017-2018 | ഒന്നാം അർദ്ധവർഷം | 6570 | 329 | 132 | 7031 |
| 10 | 2017-2018 | രണ്ടാം അർദ്ധവർഷം | 6570 | 328 | 131 | 7029 |
| 11 | 2018-2019 | ഒന്നാം അർദ്ധവർഷം | 6570 | 329 | 132 | 7031 |
| 12 | 2018-2019 | രണ്ടാം അർദ്ധവർഷം | 6570 | 328 | 131 | 7029 |
| 13 | 2019-2020 | ഒന്നാം അർദ്ധവർഷം | 6570 | 329 | 132 | 7031 |
| 14 | 2019-2020 | രണ്ടാം അർദ്ധവർഷം | 6570 | 328 | 131 | 7029 |
| 15 | 2020-2021 | ഒന്നാം അർദ്ധവർഷം | 6570 | 329 | 132 | 7031 |
| 16 | 2020-2021 | രണ്ടാം അർദ്ധവർഷം | 6570 | 328 | 131 | 7029 |

2)

| ബിൽഡിംഗ് ഐ.ഡി | ഡോർ നമ്പർ | ഉടമസ്ഥന്റെ പേര് | വിലാസം |
|---|---|---|---|
| 30223010033894 | 3/2750/A | Deputy General Manager | Vankarath Towers Bypass Junction |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ് | സർചാർജ് | സേവന നികുതി | ആകെ നികുതി |
|---|---|---|---|---|---|---|---|
| 1 | 2013-2014 | ഒന്നാം അർദ്ധവർഷം | 10098 | 505 | 202 | 0 | 10805 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 2013-2014 | രണ്ടാം അർദ്ധവർഷം | 10098 | 505 | 202 | 0 | 10805 |
| 3 | 2014-2015 | ഒന്നാം അർദ്ധവർഷം | 10098 | 505 | 202 | 0 | 10805 |
| 4 | 2014-2015 | രണ്ടാം അർദ്ധവർഷം | 10098 | 505 | 202 | 0 | 10805 |
| 5 | 2015-2016 | ഒന്നാം അർദ്ധവർഷം | 10098 | 505 | 202 | 0 | 10805 |
| 6 | 2015-2016 | രണ്ടാം അർദ്ധവർഷം | 10098 | 505 | 202 | 0 | 10805 |
| 7 | 2016-2017 | ഒന്നാം അർദ്ധവർഷം | 11220 | 561 | 0 | 225 | 12006 |
| 8 | 2016-2017 | രണ്ടാം അർദ്ധവർഷം | 11220 | 561 | 0 | 224 | 12005 |
| 9 | 2017-2018 | ഒന്നാം അർദ്ധവർഷം | 11220 | 561 | 0 | 225 | 12006 |
| 10 | 2017-2018 | രണ്ടാം അർദ്ധവർഷം | 11220 | 561 | 0 | 224 | 12005 |
| 11 | 2018-2019 | ഒന്നാം അർദ്ധവർഷം | 11220 | 561 | 0 | 225 | 12006 |
| 12 | 2018-2019 | രണ്ടാം അർദ്ധവർഷം | 11220 | 561 | 0 | 224 | 12005 |
| 13 | 2019-2020 | ഒന്നാം അർദ്ധവർഷം | 11220 | 561 | 0 | 225 | 12006 |
| 14 | 2019-2020 | രണ്ടാം അർദ്ധവർഷം | 11220 | 561 | 0 | 224 | 12005 |
| 15 | 2020-2021 | ഒന്നാം അർദ്ധവർഷം | 11220 | 561 | 0 | 225 | 12006 |
| 16 | 2020-2021 | രണ്ടാം അർദ്ധവർഷം | 11220 | 561 | 0 | 224 | 12005 |

3)

| ബിൽഡിംഗ് ഐ.ഡി | ഡോർ നമ്പർ | ഉടമസ്ഥന്റെ പേര് | വിലാസം |
|---|---|---|---|
| 30223010002439 | 6/4/ | M/S RELIANCE COMMUNICATION LTD., | JAWAHAR NAGAR |

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ് | സേവന നികുതി | ആകെ നികുതി |
|---|---|---|---|---|---|---|
| 1 | 2018-2019 | രണ്ടാം അർദ്ധവർഷം | 2376 | 119 | 48 | 2543 |
| 2 | 2019-2020 | ഒന്നാം | 2376 | 119 | 48 | 2543 |

| | | | | | | |
|---|---|---|---|---|---|---|
| | | അർദ്ധവർഷം | | | | |
| 3 | 2019-2020 | രണ്ടാം അർദ്ധവർഷം | 2376 | 119 | 48 | 2543 |
| 4 | 2020-2021 | ഒന്നാം അർദ്ധവർഷം | 2376 | 119 | 48 | 2543 |
| 5 | 2020-2021 | രണ്ടാം അർദ്ധവർഷം | 2376 | 119 | 48 | 2543 |

മേൽ വിഷയത്തിനു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/20-21, 15.01.2022 ന് ക്രമ നമ്പർ 1 പ്രകാരമുള്ള ടവർ വർഷങ്ങളായി പ്രവർത്തനരഹിതമാണെന്നും, ക്രമ നമ്പർ 3 പ്രകാരമുള്ള ടവറിന്റെ നികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

ടവർ പ്രവർത്തനരഹിതമായത് സംബന്ധിച്ച വിശദാംശം (ഫീൽഡ് പരിശോധന റിപ്പോർട്ട്, പ്രവർത്തനരഹിതമായ കാലയളവ്, നിലവിലെ സ്ഥിതി) എന്നിവ ലഭ്യമാക്കേണ്ടതാണ്.

തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-12 ഇൻഡസ് ടവർ ഒടുക്കിയിട്ടുള്ള വസ്തു നികുതി സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടില്ല.**

ഇൻഡസ് ടവർ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കീഴിൽ വരുന്ന മൊബൈൽ ടവറുകളുടെ നികുതി ഇനത്തിൽ താഴെ പറയും പ്രകാരം തുക ഡിമാന്റ് ഡ്രാഫ്റ്റായി ലഭിക്കുകയും ബാങ്കിൽ വരവ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. ടി തുക "Deposit Received From Others (340800100)" എന്ന ഹെഡിൽ ബാധ്യതയായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നമ്പർ | ഡി.ഡി നമ്പർ തീയതി | തുക | എസ്.ബി.ഐ ബാങ്ക് ബുക്ക് പ്രകാരം വൗച്ചർ നമ്പർ |
|---|---|---|---|
| 1 | 031753, 29/7/2017 | 9636 | 11601500440 |
| 2 | 031754, 29/3/2017 | 15185 | 11601500441 |
| 3 | 031863, 29/3/2017 | 50081 | 11601500442 |
| 4 | 031864, 29/3/2017 | 26085 | 11601500443 |
| 5 | 031871, 29/3/2017 | 136128 | 117040500074 |
| 6 | 031872, 29/3/2017 | 34476 | 11601500445 |
| 7 | 031873, 29/3/2017 | 17661 | 11601500446 |
| 8 | 031874, 29/3/2017 | 29549 | 117040500075 |
| 9 | 031875, 29/3/2017 | 34481 | 11601500448 |

മേൽ ടവറിന്റെ ഡോർ നമ്പർ കൃത്യമായി സൂചിപ്പിക്കാത്തതിനാലാണ് ടി തുകകൾ സഞ്ചയയിൽ പോസ്റ്റ്

ചെയ്യാതിരുന്നത് എന്നാണ് ഓഡിറ്റ് എൻക്വയറി നമ്പർ 16/20-21, 15.01.2022 ന് മറുപടി ലഭിച്ചത്. ഇൻഡസ് ടവർ അധികൃതരുമായി ബന്ധപ്പെട്ട് വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി ലഭിച്ചു.

തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-13 കെട്ടിട നിർമ്മാണ പെർമിറ്റ് പത്ത് വർഷ സാധുതാ കാലയളവിനു ശേഷവും അനുവദിച്ചതും മറ്റ് അപാകതകളും**

ഉടമസ്ഥർ- ഡോ.കുഞ്ഞഹമ്മദ് മുതൽ 3 പേർ,

പെർമിറ്റ് നം- BA 909/10-11 തിയതി 25.03.2011

മേൽ കെട്ടിട നിർമ്മാണ പെർമിറ്റ് നേടിയ കെട്ടിട ഉടമസ്ഥന് 2.12.2020-ന് BA No-909/10-11 നമ്പർ പ്രകാരം കെട്ടിടം റഗുലറൈസ് ചെയ്ത് നിർമ്മാണ പെർമ്മിറ്റ് കൂടി അനുവദിച്ചതായി കാണുന്നു. മേൽ കെട്ടിടം സംബന്ധിച്ച് ചുവടെ ചേർത്ത പരാമർശങ്ങൾ പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്

1) BA.No-909/10-11 നമ്പർ പ്രകാരം 25.03.2011 തിയ്യതിയിലാണ് കെട്ടിടനിർമ്മാണത്തിന് ശ്രീ. കുഞ്ഞഹമ്മദ് മുതൽ 3 പേർക്ക് നഗരസഭ അനുമതി നല്കിയത്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടപ്രകാരമാണ് നിർമ്മാണാനുമതി നല്കിയത്. 1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 15 (എ) (1) പ്രകാരം ഒരു കെട്ടിട നിർമ്മാണാനുമതി 3 വർഷത്തേക്ക് സാധുവായിരിക്കുന്നതാണ്. സാധുതാ കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന്മേൽ ഓരോ മൂന്ന് വർഷ കാലാവധിക്ക് രണ്ടു പ്രാവശ്യം കൂടി പെർമിറ്റ് കാലാവധി നീട്ടി നൽകാവുന്നതാണ്. എന്നാൽ 08.11.2019 ൽ നിലവിൽ വന്ന 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം 15(10) പ്രകാരം ആകെ പെർമിറ്റ് സാധുതാ കാലയളവ് 10 വർഷത്തിൽ കൂടാതെ പുതുക്കി നല്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പത്ത് വർഷക്കാലയളവ് 24.03.2021 ന് അവസാനിച്ചിരിക്കുകയാണ്. എന്നാൽ മേൽ കെട്ടിട നിർമ്മാണത്തിന് 01.12.2025 വരെ അതേ നമ്പറിൽ തന്നെ അഞ്ച് വർഷത്തേക്ക് കൂടി (ആകെ 14 വർഷത്തേക്ക്) നിർമ്മാണ പെർമ്മിറ്റ് അനുവദിച്ചിട്ടുണ്ട്. പത്ത് വർഷക്കാലയളവിനപ്പുറം പെർമിറ്റ് നീട്ടുകയോ പുതുക്കുകയോ ചെയ്യുവാൻ ചട്ടങ്ങളിലെ IX അദ്ധ്യായ (KMBR-2019) പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ കൂടി ആവശ്യമാണ്. ഇങ്ങനെ അനുവദിക്കുമ്പോൾ ചട്ടങ്ങളിലെ IX അദ്ധ്യായ പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ ശുപാർശ ലഭ്യമായിട്ടുണ്ടോ എന്ന വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2) BA.No-909/10-11 നമ്പർ പ്രകാരം 25.03.2011 തിയ്യതിയിൽ 47,600 രൂപ (Rt No-110011-25669/Dt 25.03.2011) ഈടാക്കി 4757.61 M2 നാണ് നിർമ്മാണ പെർമ്മിറ്റ് നല്കിയത്. തുടർന്ന് 11.05.2011 ന് മേൽ പെർമിറ്റ് തന്നെ റിവൈസ്ഡ് ചെയ്ത് 31200 രൂപ കൂടി ഈടാക്കി (Rt No-110011-01948/Dt 11.05.2011) 7869m2 കെട്ടിട നിർമ്മാണത്തിന് അനുമതി നല്കി. തുടർന്ന് 28.09.2013 ന് മേൽ പെർമ്മിറ്റ് തന്നെ റിവൈസ്ഡ് ചെയ്ത് 18990 രൂപ കൂടി ഈടാക്കി (Rt No-113081-07784/Dt 28.09.2013) 9767.68m2 കെട്ടിട നിർമ്മാണത്തിന് അനുമതി നൽകി. ആയതിനു ശേഷം 48850 രൂപ ഈടാക്കി (Rt No-114011-13950/Dt 13.08.2014) 9767.68m2 കെട്ടിടത്തിന്റെ പെർമിറ്റ് 13.08.2014 ന് പുതുക്കി നൽകിയിട്ടുണ്ട് (KMBR 1999 ചട്ടം 15 എ, ഉപചട്ടം (5) പ്രകാരം). 2016-17 വർഷം നടന്ന ഓഡിറ്റ് പരിശോധനയിൽ മേൽ കെട്ടിടനിർമ്മാണം അപ്രൂവ്ഡ് പ്ലാനിൽ നിന്ന് വ്യതിചലിച്ചാണ് നിർമ്മിക്കുന്നത് എന്നതടക്കമുള്ള പരാമർശത്തെ തുടർന്ന് കെട്ടിടം അന്നത്തെ മുൻസിപ്പൽ എഞ്ചിനീയരുടെ മേൽ നോട്ടത്തിൽ അളക്കുകയും 12635m2 കെട്ടിടമാണ് നിലവിൽ നിർമ്മിച്ചിട്ടുള്ളത് എന്ന് റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ഈ കാലയളവിൽ 9767.68m2 കെട്ടിടം നിർമ്മിക്കാനുള്ള അനുമതി മാത്രമാണ് നഗരസഭ മേൽ കെട്ടിട ഉടമസ്ഥർക്ക് നല്കിയിരുന്നത്. തുടർന്ന് 14.01.2019 ന് നഗരസഭയിൽ കെട്ടിട ഉടമസ്ഥർ നല്കിയ അപേക്ഷ കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറി 28.02.2019 ലെ E2/909/10-11 നമ്പർ കത്ത് പ്രകാരം കാസർഗോഡ് ജില്ലാ ടൗൺപ്ലാനർക്ക് നല്കുകയും, തുടർന്ന് മേൽ അപേക്ഷ കാസർഗോഡ് ജില്ലാ ടൗൺപ്ലാനർ 10.06.2019 ലെ C/299/19 നമ്പർ കത്ത് പ്രകാരം ചീഫ് ടൗൺപ്ലാനർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന്

മുഖ്യനഗരാസൂത്രക കത്ത് നം TCPCTP/789/2019-D തീയ്യതി 06.08.2019 പ്രകാരം മേൽ കെട്ടിട നിർമ്മാണം KMBR ചട്ടം 143 അനുസരിച്ച് റെഗുലറൈസ് ചെയ്യാവുന്നതാണെന്ന് സ്പഷ്ടീകരണം നല്കുകയും ചെയ്തിരുന്നു. എന്നാൽ ഇവിടെ മേൽ കെട്ടിടം റെഗുലറൈസ് ചെയ്യുക മാത്രമല്ല, തുടർന്ന് നിർമ്മാണ പെർമ്മിറ്റ് (2019-ൽ നിലവിൽ വന്ന ചട്ട പ്രകാരം അഞ്ച് വർഷം) അഞ്ച് വർഷത്തേക്കു കൂടി നീട്ടി നല്കിയതായും കാണുന്നു. കാലാവധി പരിഗണിക്കാതെ പെർമ്മിറ്റ് നീട്ടി നല്കുവാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതാണ്.

3) ശ്രീ.ഡോ. കെ.കുഞ്ഞഹമ്മദ് മുതൽ 3 പേർ 15.11.2019 ന് നല്കിയ അപേക്ഷ പരിഗണിച്ചാണ് കെട്ടിടം റഗുലറൈസ് ചെയ്തിട്ടുള്ളത്. നഗരസഭ നല്കിയ നിർമ്മാണ പെർമിറ്റിൽ നിന്നും വ്യതിചലിച്ച് കെട്ടിടം നിർമ്മാണം നടത്തുകയാണ് മേൽ കെട്ടിട ഉടമസ്ഥർ ചെയ്തിട്ടുള്ളത്. നഗരസഭ 9767.68m2 കെട്ടിട നിർമ്മാണത്തിനാണ് അനുമതി നല്കിയത്. എന്നാൽ കെട്ടിടം റഗുലറൈസ് ചെയ്തിരിക്കുന്നത് 14195.89m2 ആണ്. ഈ സാഹചര്യത്തിൽ KMBR- ചട്ട പ്രകാരം നഗരസഭ നല്കിയ നിർമ്മാണാനുമതി അസാധുവായിട്ടുള്ളതാണ്. 2.12.2020 ന് കെട്ടിടം റഗുലറൈസ് ചെയ്യുന്നതോടൊപ്പം നിർമ്മാണപെർമിറ്റ് കൂടി നല്കിയതായി കാണുന്നു. 15.11.2019 ന് ലഭിച്ച അപേക്ഷ ആയതുകൊണ്ട് 08.11.2019 ന് നിലവിൽ വന്ന KMBR-2019 പ്രകാരമാണോ കെട്ടിടം റെഗുലറൈസ് ചെയ്ത് നിർമ്മാണാനുമതി നല്കിയത് എന്നകാര്യം വ്യക്തമാക്കേണ്ടതാണ്.

4) മേൽ കെട്ടിടം നിലവിൽ നിർമ്മാണം പൂർത്തീകരിച്ച് നഗരസഭ കെട്ടിട നമ്പറിംഗ് അനുവദിച്ചിട്ടുണ്ടെങ്കിൽ, കെട്ടിടത്തിന്റെ തരം,വസ്തു നികുതി,ഏത് സാമ്പത്തിക വർഷം മുതലാണ് കെട്ടിടത്തിന് വസ്തുനികുതി ഈടാക്കുവാൻ തുടങ്ങിയത്, എന്നീ വിവരങ്ങൾ കൂടി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ വിവരിച്ചവയ്ക്ക് വ്യക്തമായ മറുപടി റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 31 തീയ്യതി 19-01-2022)

**1-14 കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷകളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നില്ല**

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണചട്ടങ്ങൾ 2019, ചട്ടം 13 പ്രകാരം കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം രേഖാ മൂലമായ ഉത്തരവ് വഴി സെക്രട്ടറി അനുമതി നൽകുകയോ അല്ലെങ്കിൽ 11-ാം ചട്ടത്തിൽ സൂചിപ്പിച്ചിട്ടുള്ള കാരണങ്ങളാൽ നിരസിക്കുകയോ ചെയ്യേണ്ടതും, ആ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്. എന്നാൽ നഗരസഭയിൽ 2020-21 വർഷത്തിലെ അപേക്ഷകൾ പരിശോധിച്ചതിൽ, താഴെ വിവരിക്കുന്ന അപേക്ഷകളിൽ ചട്ട പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പെർമിറ്റ് അനുവദിക്കുകയോ, അപാകതകൾ/ നിരസിക്കുന്ന വിവരം അപേക്ഷകനെ അറിയിക്കുകയോ ചെയ്തിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ.നം | ഫയൽ നമ്പർ | അപേക്ഷകന്റെ പേര് | കെട്ടിട ഗണം |
|---|---|---|---|
| 1 | E2-7193/20 | എം നാഗരാജ്& 4 Others | വാണിജ്യം(F) |
| 2 | E4-7206/20 | റൈഹാനത്ത് കെ | താമസം [A1] |
| 3 | E4-7593/20 | അബ്ദുൾ കരീം | വാണിജ്യം(F) |
| 4 | E2-8405/20 | അസ്കർ എം | വ്യവസായികം |
| 5 | E4-8409/20 | ടി.രാധ | താമസം [A1] |
| 6 | E4-8805/20 | മുഹമ്മദ് റാഫി സി.കെ | വാണിജ്യം(F) |

| | | | |
|---|---|---|---|
| 7 | E4-9129/20 | ശ്രീനിവാസൻ എം.എൻ | താമസം [A1] |
| 8 | E4-9135/20 | ബി.അബൂബക്കർ | കോഴിഫാം |
| 9 | E4-9168/20 | സനൽ തോമസ് | താമസം [A1] |
| 10 | E2-9896/20 | ചന്ദ്രകുമാരി പിവി | താമസം [A1] |
| 11 | E4-10534/20 | പ്രസിഡണ്ട്, കാഞ്ഞങ്ങാട് കടപ്പുറം മഹല്ല് ജമാ-അത്ത്. | സ്കൂൾ കെട്ടിടം |
| 12 | E2-11253/20 | കെ.മാധവൻ | താമസം [A1] |
| 13 | E4-11697/20 | എം.വി അബൂബക്കർ | താമസം [A1] |
| 14 | E4-11704/20 | റംസീന | താമസം [A1] |
| 15 | E4-12182/20 | റാബിയ എ.കെ | താമസം [A1] |
| 16 | E4-13430/20 | ചന്ദ്രൻ എ | താമസം [A1] |
| 17 | E2-13436/20 | ഷൗക്കത്തലി പി | വാണിജ്യം(F) |
| 18 | E2-13802/20 | പി.വി.വി രവീന്ദ്രൻ നായർ | താമസം [A1] |
| 19 | E4-14758/20 | എ.കെ.ജി വായനശാല, പടന്നക്കാട് | ക്ലബ്ബ് |
| 20 | E4-14824/20 | അമ്പിളി മാത്യൂ & Others | വാണിജ്യം(F) |
| 21 | E4-15393/20 | സജിത്ത് കെ.സി | താമസം [A1] |
| 22 | E2-15404/20 | ബാലാമണി & Others | താമസം [A1] |
| 23 | E2-15874/20 | അബ്ദുള്ളക്കുഞ്ഞി& റുഖിയ | താമസം [A1] |
| 24 | E2-17296/20 | റഷീദ് എം.പി | താമസം [A1] |
| 25 | E4-17338/20 | മോണിഷ & ഷനിൽ | താമസം [A1] |
| 26 | E2-17667/20 | ശോഭന | താമസം [A1] |
| 27 | E4-233/21 | ഹാജിറ കെ | താമസം [A1] |
| 28 | E2-258/21 | സന്ധ്യ കെ | താമസം [A1] |
| 29 | E4-3201/21 | ഫാസില റഹ്മാൻ എം | താമസം [A1] |
| 30 | E2-3697/21 | പി.വി പ്രേമദാസ് | താമസം [A1] |
| 31 | E4-3695/21 | ഇഖ്ബാൽ | താമസം [A1] |
| 32 | E4-3715/21 | ഫർഹാന ടി | വാണിജ്യം(F) |
| 33 | E4-4199/21 | പി.വി ഹസൻ | താമസം [A1] |
| 34 | E4-4200/21 | ബീഫാത്തിമ | താമസം [A1] |
| 35 | E4-4683/21 | ഗണേഷൻ എം | താമസം [A1] |
| 36 | E4-5514/21 | റഹ്മത്ത് കെ | താമസം [A1] |
| 37 | E4-6390/21 | സുബൈർ വി | താമസം [A1] |

പെർമിറ്റ് അപേക്ഷകളിൻമേൽ നിശ്ചിത സമയപരിധിക്കകം നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം-35തീയ്യതി 20-01-2022).

**1–15 ആലാമിപ്പള്ളി ബസ്റ്റാന്റ് ടെർമിനൽ കം കൊമേഴ്ഷ്യൽ കോംപ്ലക്സ് ലേല നടപടികൾ വൈകുന്നത് സംബന്ധിച്ച്.**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള ആലാമിപ്പള്ളി ബസ്റ്റാന്റ് കം കൊമേഴ്ഷ്യൽ കോംപ്ലക്സ് നിർമാണം 27.07.2018 തീയ്യതിയിൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. നഗരസഭ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം വിവിധ പ്രവർത്തികൾക്കായി ഇനി പറയും പ്രകാരം ആകെ 4,82,55,439/-രൂപ ചെലവഴിച്ചിട്ടുണ്ട്. ബസ്റ്റാന്റ് യാർഡ് നിർമാണം- 2,12,34,194/-രൂപ, ഷോപ്പിംഗ് കോംപ്ലക്സ്-1,56,38,289/-രൂപ, സർവ്വീസ് റോഡ് നിർമാണം- 22,35,449/-രൂപ, ഇലക്ട്രിഫിക്കേഷൻ- 91,47,507/-രൂപ. നിർമാണ പ്രവൃത്തികൾക്കായി കെ.യു.ആർ.ഡി.എഫ്.സി, ഹഡ്കോ എന്നിവിടങ്ങളിൽ നിന്നായി ആകെ 6,13,66,040/-രൂപ വായ്പ എടുത്തിട്ടുള്ളതും നാളിതുവരെയായി വായ്പ തിരിച്ചടവിലേക്കായി 4,73,90,000/-രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെയായും നഗരസഭയ്ക്ക് വാടകയിനത്തിൽ വരുമാനമൊന്നും ലഭിച്ചിട്ടില്ല. ലേല നടപടികൾ വൈകുന്നതുമൂലം വാടക ഇനത്തിൽ ലഭ്യമാകേണ്ടുന്ന വരുമാനം നഷ്ടമാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. കട മുറികളുടെ ടെണ്ടർ/ ലേലം നടപടികൾ 14.07.2020 മുതൽ 21.07.2020 വരെ, 17.02.2021 മുതൽ 22.02.2021 വരെ, 24.03.2020 മുതൽ 28.03.2020 വരെ എന്നീ തീയ്യതികളിലായി 3 തവണ നടത്തിയിരുന്നുവെങ്കിലും 100 കടമുറികളിൽ നിലവിലുള്ളതിൽ ലേലം കൊണ്ടത് സഹകരണ/ അർദ്ധ സർക്കാർ വിഭാഗങ്ങൾക്കായി സംവരണം ചെയ്തത DG7, DG8 എന്നീ മുറികൾ മാത്രമാണ്. കടമുറികൾ ലേലം ചെയ്ത് നൽകാൻ കഴിയാത്തതു മൂലം പ്രതിമാസ വാടക, ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ നഗരസഭയ്ക്ക് ലഭ്യമാകേണ്ട വരുമാനം നഷ്ടമാകുന്ന സാഹചര്യത്തിൽ മേൽ വിഷയത്തിൽ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ കൗൺസിൽ യോഗം തീരുമാനിക്കുകയും നിലവിലെ ബൈലോ വിശദമായി ചർച്ച ചെയ്ത് ഭേദഗതികൾ വരുത്താൻ തീരുമാനിക്കുകയും ചെയ്തു. ആയതു പ്രകാരം കടമുറികൾക്കായി നിശ്ചയിച്ച ഡെപ്പോസിറ്റ് തുക പുനർ നിർണ്ണയിക്കുകയും 07.09.2021 തീയ്യതി നടന്ന സാധാരണ യോഗത്തിലെ 13 ാം നമ്പർ തീരുമാന പ്രകാരം ബൈലോയിൽ ഭേദഗതികൾ ഉൾപ്പെടുത്തി നിലവിലുള്ള

ബൈലോ പരിഷ്കരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

പൊതുജനാഭിപ്രായം കൂടി സ്വരൂപിച്ച് കൊണ്ട് നഗരസഭയ്ക്ക് നഷ്ടം വരാത്ത രീതിയിൽ ബൈലോ ഭേദഗതി വരുത്തി സർക്കാരിന്റെ അനുമതി ലഭ്യമാക്കി കെട്ടിട മുറികൾ വാടക്ക് നൽകുന്നതിനുള്ള ഊർജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-16 ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല.**

2020-21 വർഷത്തിൽ മുൻസിപ്പാലിറ്റിയിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗര പ്രദേശത്ത് വിവിധ കച്ചവടങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന താഴെ പറയുന്ന കച്ചവടക്കാരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ | കെട്ടിട നമ്പർ | രജിസ്റ്ററിലെ പേജ് നമ്പർ | വ്യാപാരിയുടെ പേര്, വിലാസം | കച്ചവടത്തിന്റെ സ്വഭാവം |
|---|---|---|---|---|---|
| 1 | 33 | 195 | 3 | ജാഫർ എ<br>S/O എ.എം യൂസഫ് | ടീ സ്റ്റാൾ |
| 2 | 3 | 991 | 93 | മുഹമ്മദ് കെ.കെ<br>ആറങ്ങാടി<br>കാഞ്ഞങ്ങാട് | ഫൂട്ട് വെയർ |
| 3 | 15 | 245 | 80 | വിജേന്ദ്ര ബട്ട് എച്ച്<br>S/O ജയാനന്ദ ബട്ട് എച്ച്<br>നിയർ എൽ വി ടെമ്പിൾ | ഗ്രോസറി , സ്റ്റേഷനറി |
| 4 | 14 | 1432 | 85 | ഖദീജ കെ.എം<br>റഹ്മത്ത് മൻസിൽ<br>ഉദുമ | ഹോട്ടൽ |
| 5 | 14 | . | 95 | കുഞ്ഞികൃഷ്ണൻ പി<br>വെള്ളച്ചേരി ഹൗസ്<br>ഏച്ചിക്കാനം | നമ്പർ പ്ലേയ്റ്റ്,സ്റ്റിക്കർ |
| 6 | 27 | 165 -A | 30 | വിനോദ് കെ.വി<br>S/O പി.കണ്ണൻ | ഇന്ത്യൻ ഓട്ടോ വർക്ക് |

| | | | | | |
|---|---|---|---|---|---|
| | | | | വിസ്മയ നിവാസ്<br>ഗുരുവനം | |
| 7 | 27 | 4 | 30 | ദിലീപ് കുമാർ കെ.വി<br>പടന്നക്കാട് | ഡിസൈൻ |
| 8 | 27 | 5 | 31 | പ്രവീൺ.എൻ.വി<br>S/O രാഘവൻ<br>നിഷാലയം | മോട്ടോർ വെഹിക്കിൾ റിപ്പയർ |
| 9 | 27 | . | 31 | നിശാന്ത് കെ<br>S/O സുകുമാരൻ<br>മടിക്കൈ | നോസ്സിൽ ക്ലിനിക് |
| 10 | 27 | 32 | 31 | പി.ജി.മനോജ്<br>കൃഷ്ണപിള്ള നഗർ | മറിയൻ ആയുർവേദ ഫാർമസി |
| 11 | 27 | 38 | 32 | കുഞ്ഞിക്കണ്ണൻ<br>പടന്നക്കാട് | റിംങ് വർക്ക് |
| 12 | 27 | 56 | 32 | സുനിൽ കെ<br>S/O<br>നാരായണൻ<br>ചുള്ളിക്കര<br>പടിമരുത് | വുഡ് വർക്ക് |
| 13 | 27 | 59 | 32 | സുമേഷ് കെ.വി<br>S/O മനോഹരൻ<br>മനു നിവാസ് | മോഡേൺ സ്റ്റീൽ |
| 14 | 27 | 76 | 33 | സുകുമാരൻ കെ.കെ<br>S/O കണ്ണൻ | ഓട്ടോ വെൽഡിംങ് |
| 15 | 27 | 116 | 33 | ഭാസ്കരൻ പി<br>S/O രാമൻ | സ്റ്റോർ, സ്റ്റേഷനറി |
| 16 | 27 | 125 | 33 | സജിത കെ.എ<br>പൈറടുക്കം | ബ്രഹസ്പതി ആയുർവേദശാല |
| 17 | 27 | 126 | 33 | കുഞ്ഞിക്കണ്ണൻ വി.വി<br>പള്ളം ഉദുമ | പെട്രോളിയം ഉൽപ്പന്നം |
| 18 | 27 | 129 | 34 | വർക്കി കരിമ്പനക്കൽ<br>S/O ജോസഫ് | ഗുഡ് വുഡ് ഇന്റസ്ട്രിയൽ |

| | | | | | |
|---|---|---|---|---|---|
| 19 | 27 | 165 A | 30 | സ്റ്റേനി എം മാക്കിൽ ഹൗസ് കൃഷ്ണപ്പിള്ള നഗർ | മാക്കിൽ ഹോം ലോഡ്ജിംങ് |
| 20 | 27 | 17 | 31 | നാരായണൻ.വി S/O ചാത്തുകുട്ടി പടന്നക്കാട് | വെൽഡിംങ് ഷോപ്പ് |
| 21 | 27 | 148 | 34 | ബിജു വടക്കപുറം പടന്നക്കാട് കൃഷ്ണപിള്ള നഗർ | ബേക്കറി |

മേൽ പറഞ്ഞ കച്ചവടക്കാരിൽ നിന്നും അവരുടെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ഡി.&ഒ. ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 21 തീയ്യതി 17.01.2022)

## 1-17 തൊഴിൽ നികുതി പൊതു അപാകതകൾ

തൊഴിൽ നികുതി പരിശോധനയിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-21 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം ഈടാക്കേണ്ടിയിരുന്ന സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം. | സ്ഥാപനത്തിന്റെ പേര് | കാലയളവ് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 3 | പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 2 | 3 | മഹിന്ദ്ര റൂറൽ ഹൗസിംഗ് ഫിനാൻസ് ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 3 | 3 | മാനേജർ, പേയ്സ് മോട്ടോർ കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 4 | 3 | ഫെഡറൽ ബാങ്ക് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 5 | 3 | ഇന്റസ് മോട്ടോർസ് പ്രൈവറ്റ് ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 6 | 3 | സെൽഫ് ഗ്രോത്ത് നിധി ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 7 | 3 | ക്യൂവിക്ക് സപ്ലൈ ചെയിൻ പ്രൈവറ്റ് ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 8 | 17 | അപ്കോ വെഹിക്കിൾ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 9 | 3 | കൊശമറ്റം ഫിനാൻസ് ലിമിറ്റഡ് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 10 | 3 | സൗത്ത് വെസ്റ്റ് മോട്ടോർകോർപ്പ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 11 | 3 | ആക്സിസ് ബാങ്ക് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 12 | 3 | ദി കാത്തലിക് സിറിയൻ ബാങ്ക് ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 13 | 3 | ഹോസ്ദുർഗ്ഗ് ഹൗസിംഗ് സഹകരണ സംഘം | ഒന്ന രണ്ടും അർദ്ധവർഷം |
| 14 | 3 | ഫൈൻടെക് കോർപ്പറേഷൻ പ്രൈവറ്റ് ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 15 | 3 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 16 | 19 | സൈൻ മോട്ടോർസ് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 15 | 3 | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 16 | 3 | ദി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 17 | 25 | കേരള ക്ലേ ആന്റ് സെറാമിക് പ്രൊഡക്ട് ലിമിറ്റഡ്, | ഒന്ന രണ്ടും അർദ്ധവർഷം |
| 18 | 8 | അഹല്യ ഫൗണ്ടേഷൻ ൈഎ ഹോസ്പിറ്റൽ | ഒന്ന രണ്ടും അർദ്ധവർഷം |
| 19 | 3 | എസ്.ബി.ഐ ലൈഫ് ഇൻഷുറൻസ് കമ്പനി | ഒന്ന രണ്ടും |

| | | | |
|---|---|---|---|
| | | ലിമിറ്റഡ് | അർദ്ധവർഷം |
| 20 | 3 | പ്രൊഫഷണൽ എജ്യുക്കേഷൻ കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 21 | 27 | മാനേജർ, സെന്റ് മേരീസ് വുഡ് ഇന്റസ്ട്രീസ് | ഒന്ന രണ്ടും അർദ്ധവർഷം |
| 22 | 3 | ഐ.ഡി.ബി.ഐ ബാങ്ക് | ഒന്ന രണ്ടും അർദ്ധവർഷം |
| 23 | 3 | സൗത്ത് ഇന്ത്യൻ ബാങ്ക് ലിമിറ്റഡ് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 24 | 3 | മാനേജർ കാസർഗോഡ് ജില്ല കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് കാഞ്ഞങ്ങാട് ഈവിനിംഗ് ബ്രാഞ്ച് | ഒന്ന രണ്ടും അർദ്ധവർഷം |
| 25 | 3 | കെ.പി.ബി നിധി ലിമിറ്റഡ് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 26 | 3 | ഹോസ്ദുർഗ്ഗ് പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 27 | 3 | കെ.എസ്.സി.എ.ആർ.ഡി ബാങ്ക് ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 28 | 3 | മാനേജർ, ഇന്ത്യൻഗ്യാസ് ഏജൻസീസ് | ഒന്ന രണ്ടും അർദ്ധവർഷം |
| 29 | 19 | പോപ്പുലർ വെഹിക്കിൾ സർവ്വീസ് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 30 | 27 | കേരള ഗ്രാമീൺ ബാങ്ക്, പടന്നക്കാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 31 | 3 | സൂപ്പർനോവ ഇലക്ട്രോ കെമിക്കൽസ് | ഒന്ന രണ്ടും അർദ്ധവർഷം |
| 32 | 3 | ശക്തി ഫിനാൻസ് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 33 | 3 | ബജാജ് ഫിനാൻസ് ലിമിറ്റഡ് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 34 | 3 | യു.എ.ഇ എക്സ്ചേഞ്ച് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 35 | 3 | നിരവത്ത് ജൂബിലി ചിറ്റി ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 36 | 3 | ജിയോജിത്ത് ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |
| 37 | 3 | ദി ഓറിയന്റൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് | ഒന്ന രണ്ടും അർദ്ധവർഷം |
| 38 | 3 | പി.എസ്.എൻ കൺസ്ട്രക്ഷൻ എക്യുപ്മെന്റ് പ്രൈവറ്റ് ലിമിറ്റഡ് കാഞ്ഞങ്ങാട് | ഒന്ന രണ്ടും അർദ്ധവർഷം |

| | | | |
|---|---|---|---|
| 39 | 3 | ടി.എം.ടി. ബാങ്ക് കാഞ്ഞങ്ങാട് | ഒന്നു രണ്ടും അർദ്ധവർഷം |

മുകളിൽ സൂചിപ്പിച്ച ധനകാര്യ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 24 തീയ്യതി 18.01.2022)

2) സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-21 വർഷത്തെ തൊഴിൽ നികുതി പത്രികകൾ പരിശോധിച്ചതിൽ താഴെക്കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദവിവരം ചുവടെകൊടുക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| 1 | 3 | ശ്രീ ദേവി ടെക്സ്റ്റൈയിൽസ്, കാഞ്ഞങ്ങാട് |
| 2 | 30 | കാനൻ ബീച്ച് റിസോർട്ട് ഒഴിഞ്ഞവളപ്പ് |
| 3 | 27 | സെന്റ് മേരീസ് വുഡ് ഇൻഡസ്ട്രീസ് പടന്നക്കാട് |
| 4 | 3 | സൂപ്പർനോവ ഇലക്ട്രോ കെമിക്കൽസ് |
| 5 | 3 | നാഷണൽ റേഡിയോ ഇലക്ട്രോണിക്സ് |
| 6 | 27 | ഗുഡ് വുഡ് ഇന്റസ്ട്രീസ്, പടന്നക്കാട് |
| 7 | 8 | അഹല്യ കണ്ണാശുപത്രി |
| 8 | 30 | മന്ത്ര ബീച്ച് റിസോർട്ട് ഒഴിഞ്ഞവളപ്പ് |
| 9 | 3 | ബ്രില്യൻസ് കോളേജ് കാഞ്ഞങ്ങാട് |
| 10 | 19 | സൈൻ മോട്ടോർസ് |
| 11 | 3 | ഫാക്ട് അഗ്രോ സർവീസസ് സെന്റർ കോട്ടച്ചേരി |
| 12 | 3 | കണ്ണൻസ് ടെക്സ്റ്റൈയിൽസ് കാഞ്ഞങ്ങാട് |
| 13 | 27 | സെന്റ് മേരീസ് വുഡ് ഇന്റസ്ട്രീസ് പടന്നക്കാട് |
| 14 | 3 | പ്രതിഭ കോളേജ്, കാഞ്ഞങ്ങാട് |
| 15 | 3 | മഡോണ ഗ്യാസ് എജൻസി കാഞ്ഞങ്ങാട് |
| 16 | 3 | മഹിൻന്ദ്ര & മഹിൻന്ദ്ര ഫിനാൻഷ്യൽ സർവ്വീസ് കാഞ്ഞങ്ങാട് |
| 17 | 3 | ന്യൂ ഗിരിജ ജ്വല്ലേർസ് കാഞ്ഞങ്ങാട് |

| | | |
|---|---|---|
| 18 | 3 | ബിഗ്ഗ്ബൺ ബേക്കറി ആന്റ് കൂൾബാർ, കാഞ്ഞങ്ങാട് |
| 19 | 3 | ബേക്കൽ ക്ലബ് കാഞ്ഞങ്ങാട് |
| 20 | 3 | ആര്യൻ മോട്ടോർസ്, കാഞ്ഞങ്ങാട് |
| 21 | 27 | റഹ്മാനിയ വുഡ് ഇന്റസ്ട്രീസ്, പടന്നക്കാട് |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സഹിതം ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 24 തീയ്യതി 18.01.2022)

**1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്**

കാഞ്ഞങ്ങാട് നഗരസഭയുടെ 2020-21 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചപ്പോൾ താഴെപറയുന്ന ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്

വന്നിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു. (2005 ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടത്തിലെ ചട്ടം 3)

| ജീവനക്കാരന്റെ പേര് | തസ്തിക | ഓഫീസ് | ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|
| ആൻസി മാത്യു | ലഭ്യമല്ല | പ്രിയദർശിനി ഹോസ്പിറ്റൽ | 1,32,540 ഒന്നാം അർദ്ധ വർഷം | 1000 | 1250 | 250 |
| അതുൽ ഡി | മെക്കാനിക് | പോപ്പുലർ വെഹിക്കിൾ &സർവ്വീസ് പ്രൈവറ്റ് ലിമിറ്റഡ് കാഞ്ഞങ്ങാട് സൗത്ത് | 60,205 ഒന്നാം അർദ്ധ വർഷം | 450 | 600 | 150 |
| ഷംസുദ്ദീൻ.കെ | പി.ടി.എസ് | താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് ഹോസ്ദുർഗ്ഗ് | 61,790 ഒന്നാം അർദ്ധ വർഷം | 450 | 600 | 150 |
| ജിതിൻ പി.വി | സിവിൽ എക്സൈസ് ഓഫീസർ | എക്സൈസ് സർക്കിൾ ഓഫീസ് ഹോസ്ദുർഗ്ഗ് | 1,26,188 ഒന്നാം അർദ്ധ വർഷം | 1000 | 1250 | 250 |
| | | | ആകെ | | | 800 |

നികുതിയിനത്തിൽ കുറവ് വന്ന 800/- രൂപ മേൽ ജീവനക്കാരിൽ നിന്നും പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആയതിന്റെ വിശദവിവരങ്ങൾ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം ഹാജരാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 23 തീയ്യതി 17.01.2022)

## 1-19 വസ്തുനികുതി പരിശോധന കണക്കുകളിൽ അപാകത

2020-21 വർഷത്തെ വസ്തു നികുതി ഡിമാന്റ്-കലക്ഷൻ-ബാലൻസ് എന്നിവയിൽ വാർഷിക ധനകാര്യ പത്രികയും, വസ്തു നികുതി സഞ്ചയ റിപ്പോർട്ടും തമ്മിൽ വ്യത്യാസം കാണുന്നു. ആയവ താഴെ കൊടുക്കുന്നു.

**വാർഷിക ധനകാര്യ പത്രിക പ്രകാരം**

| ഡിമാന്റ് | | | കലക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 16943313 | 32400000 | 49343313 | 11065133 | 23381204 | 34446337 | 5878180 | 9018796 | 14896976 |

**സഞ്ചയ റിപ്പോർട്ട് പ്രകാരം**

| ഡിമാന്റ് | | | കലക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|
| കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ | കുടിശ്ശിക | തൻവർഷം | ആകെ |
| 39863212 | 34980555 | 74843767 | 10481313 | 21464185 | 31945498 | 29446492 | 13644382 | 43077598 |

ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടും ആയവ ഇതുവരെ ഹാജരാക്കിയിട്ടില്ല. സഞ്ചയ റിപ്പോർട്ട് പ്രകാരമാണ് കലക്ഷൻ വിവരങ്ങൾ എടുത്തിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികയെക്കാളും 2,55,00,454/-രൂപ ഡിമാന്റിൽ (കുടിശ്ശിക ഉൾപ്പെടെ) തന്നെ തൻവർഷം വ്യത്യാസമുണ്ട്. വാർഷിക ധനകാര്യ പത്രികയിലും, വസ്തു നികുതി കലക്ഷനിലും കാണപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം. 33 തീയ്യതി 20-01-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്കുള്ള മറുപടി ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം സമർപ്പിക്കേണ്ടതാണ്.

**1-20 കല്ലംചിറ റോഡിൽ നിന്നും തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡ് ടാറിംഗും ഓവുചാൽ നിർമ്മാണവും പ്രവൃത്തി-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം.**

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ 197/21 (കല്ലംചിറ റോഡിൽ നിന്നും തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡ് ടാറിംഗും ഓവുചാൽ നിർമ്മാണവും) |

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യൂ.ഡി ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.032019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു മാത്രമേ ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും സാധിക്കുകയുള്ളൂ. എന്നാൽ കോസ്റ്റ് ഇന്റക്സ് 38.24% അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ കല്ലംചിറ റോഡിൽ നിന്നും തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡ് ടാറിംഗും ഓവുചാൽ നിർമ്മാണവും എന്ന പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം കരാറുകാന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി കോമ്പൻസേഷനായി 2,02,187/- രൂപ അനുവദിച്ചിട്ടുണ്ട്. നഷ്ടം സമ്പന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-1 ൽ ചേർത്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. 27/2020-21 തീ: 18.01.2022).

**1-21 ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി-കുറഞ്ഞ നിരക്കിൽ ആദായ നികുതി ഈടാക്കി**

നിർവഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

പ്രൊജക്ട് നമ്പർ : 185/21 (ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ)

കാഞ്ഞങ്ങാട് നഗരസഭ 2020-21 വർഷം നടപ്പാക്കിയ സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ എന്ന പദ്ധതിക്കായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നം. KSIE/PKD/724/17-18 പ്രകാരം 11 ഹൈമാസ്റ്റ് ലൈറ്റുകൾ വാങ്ങിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിനു തുക അനുവദിച്ചപ്പോൾ 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയിരിക്കുന്നത്.

കേന്ദ്ര ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം കോൺട്രാക്ട് പ്രവൃത്തികൾക്ക് ബാധകമായ നികുതി നിരക്ക് ഹിന്ദു കുടുംബം/വ്യക്തി എന്നിവർക്ക് 1%, മറ്റുള്ളവർക്ക് 2% എന്നിങ്ങനെയാണ്. ആയതിനാൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ആദായ നികുതി 2% നിരക്കിലാണ്. എന്നാൽ കോവിഡ് 19 ന്റെ സാഹചര്യത്തിൽ 14.05.2020 മുതൽ 31.03.2021 വരെ ഈ നിരക്കിൽ 0.50% കുറവ് അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ 1.50% നികുതിയാണ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്നത്. തുക നൽകിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചത് 1% നിരക്കിലാണ്. ബാധകമായ നികുതി ഇനത്തിൽ കുറവു വന്ന 5,625/- രൂപ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

| ബിൽ റഫറൻസ് നം. /തീയ്യതി | ബിൽ തുക | ഈടാക്കിയ ആദായ നികുതി | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി | ആദായ നികുതി ഇനത്തിൽ കുറവുവന്ന തുക |
|---|---|---|---|---|
| 202004470003000197037 /25.5.2020 | ₹11,25,000/- | 11,250/- | 16,875/- | 5,625/- |

(ഓഡിറ്റ് എൻക്വയറി നം. 34/20-21 തീയ്യതി 20.01.2022)

**1-22 ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം തുടർന്നു.**

2020-21 വർഷം ഡെത്ത് രജിസ്ട്രേഷൻ ചെയ്യുന്നതിനായി നഗരസഭ ഹാജരാക്കിയ രേഖകളോടൊപ്പം സമർപ്പിച്ച ആധാർ നമ്പർ പ്രകാരം "സേവന" വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധന നടത്തിയപ്പോൾ താഴെ പറയുന്ന പെൻഷൻ ഗുണഭോക്താക്കൾക്ക് മരണപ്പെട്ട ശേഷവും സാമൂഹ്യ സുരക്ഷ പെൻഷൻ തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നിക്ഷേപിച്ചതായും, ചില ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ചതായും കാണുകയുണ്ടായി (2019, 2020 ലെ അപേക്ഷാ രജിസ്റ്ററിലെ വിവരങ്ങൾ അടിസ്ഥാനമാക്കി കണ്ടെത്തിയ വിവരങ്ങൾ, 2019, 2020 വർഷത്തിൽ സമർപ്പിച്ച അപേക്ഷയിൽ ആധാർ രേഖകൾ ലഭ്യമല്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിക്കാൻ സാധിച്ചിട്ടില്ല.) സ. ഉ. (എം എസ്) 483/17/ധന/06.11.17 ഖ. XV പ്രകാരം പെൻഷൻ വാങ്ങുന്നവർ എല്ലാവർഷവും ഡിസംബർ മാസം അക്ഷയ കേന്ദ്രങ്ങൾ മുഖാന്തിരം ജീവൻരേഖ സോഫ്റ്റ് വെയറിൽ മസ്റ്ററിംഗ് നടത്തേണ്ടതാണെന്നും അല്ലാത്തവർക്ക് അടുത്തഗഡു മുതൽ പെൻഷൻ അനുവദിക്കാവുന്നതല്ല എന്നതുമാണ് സർക്കാർ നിർദ്ദേശം. മേൽ നിർദ്ദേശം പാലിക്കാതെ മരണപ്പെട്ട ഗുണഭോക്താകൾക്ക് ചുവടെ ചേർത്തപ്രകാരം തുടർന്നും പെൻഷൻ തുക അനുവദിച്ചിട്ടുണ്ട്

| ക്രമ നം | പേര് | ആധാർ നമ്പർ | പെൻഷണർ ഐഡി | മരണപ്പെട്ട തീയതി | പെൻഷൻ വിതരണം ചെയ്തതിന്റെ വിവരങ്ങൾ | |
|---|---|---|---|---|---|---|
| | | | | | മാസം | അനുവദിച്ച തുക |
| 1 | മുഹമ്മദ് റഫീഖ്.പി.പി (ഇന്ദിരാ ഗാന്ധി | 543256617480 | 102230201383 | 14.02.2020 | 2020 മാർച്ച് മുതൽ 2020 ഏപ്രിൽ വരെ | 1,220 X 2<br>2,440 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | |
| | | | | | 2020 മെയ് മുതൽ 2020 ആഗസ്റ്റ് വരെ | 1,300 X 4 5,200 |
| | ദേശീയ വാർദ്ധക്യ കാല പെൻഷൻ) | | | | 2020 സെപ്തംബർ മുതൽ 2020ഡിസംബർ വരെ | 1,400 X 4 5,600 |
| | | | | | 2021 ജനുവരി മുതൽ 2021 മാർച്ച് വരെ | 1,500 X 3 4,500 |
| | | | | | 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെ | 1,600 X 9 14,400 |
| 2 | അബ്ദുൾ റഹിമാൻ പി.കെ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 876089791955 | 102230203714 | 23.02.2021 | 2021 മാർച്ച് | 1,500 |
| | | | | | 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ വരെ | 1,600 X 9 14,400 |
| 3 | മുഹമ്മദ് എം.കെ (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യ കാല പെൻഷൻ) | 369887877605 | 102230201244 | 08.04.2021 | 2021 മെയ് മുതൽ 2021 ഡിസംബർ വരെ | 1,600 X 8 12,800 |
| | | | | | ആകെ | 60,840 |

ധനകാര്യ വകുപ്പിന്റെ 26.07.18 ലെ സർക്കുലർ നമ്പർ 69/18 ൽ മരണപ്പെട്ടവരുടെയും പുനർ വിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെയും ആശാവർക്കർമാരുടെയും സഹായത്തോടെ ശേഖരിച്ച് മരണപ്പെട്ട വ്യക്തികളെ അതാത് മാസം തന്നെ സേവന സോഫ്റ്റ് വെയറിൽ നിന്നും ഉടനടി സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ സെക്രട്ടറിമാർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം ചെയ്യുന്ന സഹകരണ സ്ഥാപനങ്ങൾ ഓരോ പെൻഷൻ വിതരണത്തിനു ശേഷവും മരണപ്പെട്ടവരുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രാദേശിക സർക്കാറുകളെ അറിയിക്കാനും പ്രസ്തുത സർക്കുലറിൽ നിർദ്ദേശമുണ്ട്. അനർഹരെ യഥാസമയം സസ്പെന്റ് ചെയ്യുകയെന്നത് നഗരസഭ സെക്രട്ടറിയുടെയും ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന്റെയും ചുമതലയാണ്. (സ.ഉ(പി) 97/20/ ധന/23.9.20) ഖ. 13).

മരണപ്പെട്ട ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ. 14/13.01.2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മറുപടിയിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരം ബന്ധപ്പെട്ട ബാങ്കുകളെ അറിയിച്ചിട്ടുണ്ടെന്നും, ഭാവിയിൽ പെൻഷൻ ലഭിക്കാതിരിക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുന്നതാണെന്നും, മരണപ്പെട്ടവരുടെ പെൻഷൻ കൈപ്പറ്റിയവരിൽ നിന്നും പെൻഷൻ തുക തിരിച്ച് പിടിക്കുന്നതിനുള്ള സ്വീകരിക്കുന്നതാണും എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതിനാൽ സർക്കാർ മാർഗ്ഗനിർദേശങ്ങൾക്ക് വിരുദ്ധമായി സാമൂഹ്യസുരക്ഷ പെൻഷൻ ഇനത്തിൽ നൽകിയ തുകയായ 60,840/-രൂപ തിരികെ ഈടാക്കി ഡി ബി ടി സെല്ലിലേക്ക് തിരിച്ചടച്ച് വിശദ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

**1-23 ജി.എസ്.ടി കോമ്പൻസേഷൻ അനുവദിച്ച പ്രവൃത്തികൾകൾക്ക് TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല.**

**നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.**

2020-2021 വർഷം നഗരസഭ നിർവഹണം നടത്തിയ മരാമത്ത് പ്രവൃത്തികൾക്ക് ആകെ അളവുമൂല്യത്തിന്റെ കൂടെ 12% ജി.എസ്.ടി ഘടകവും കൂട്ടി കരാറുകാർക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പാർട്ടിലെ അനുബന്ധം-6 ൽ പരാമർശിക്കുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും TDS ആയി ജി.എസ്.ടി ഈടാക്കിയിട്ടില്ല. അപാകത ശ്രദ്ധയിൽപെടുത്തുന്നു.

**1-24 ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ പദ്ധതി - അപാകതകൾ**

ബിൽ റഫറൻസ് നം, തീയ്യതി: 20200447000300197037/ 25.05.2020 തുക 11,25,000/-

നഗരസഭ പരിധിയിലെ കുളിയങ്കാൽ, നെഹ്റു മണ്ഡപം, സ്മൃതി മണ്ഡപം, കുശാൽ നഗർ, മുറിയനാവി, ഒഴിഞ്ഞവളപ്പ്, സിയാറത്തുംകര, അടമ്പിൽ, മേലാങ്കോട്ട്, വാഴുന്നോറടി, ഹോസ്ദുർഗ്ഗ് മാർക്കറ്റ് എന്നീ പതിനൊന്നിടങ്ങളിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിനായി 2020-21 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ (അസിസ്റ്റന്റ് എഞ്ചിനീയർ) നിർവഹണ ഉദ്യോഗസ്ഥനായി, സി.എഫ്.സി ഗ്രാന്റിൽ നിന്നും 11,25,000 രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് 151/21 (ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ). 2018-19 വർഷത്തിൽ ആരംഭിച്ച ഈ പദ്ധതി, 2019-20 വർഷത്തിൽ 303/20 എന്ന പദ്ധതി പ്രകാരം ഭാഗികമായി നടപ്പിലാക്കി 2020-21 വർഷത്തിൽ പൂർത്തീകരിക്കുകയാണുണ്ടായത്. പദ്ധതിക്കായി 2018-19 വർഷത്തിൽ 10,00,000 രൂപയും, 2019-20 വർഷത്തിൽ 20,00,000 രൂപയും, 2020-21 വർഷത്തിൽ 11,25,000 രൂപയും വിനിയോഗിച്ചിട്ടുണ്ട്. സ്ഥാപനം സമർപ്പിച്ച ഇൻവോയ്സ് നം. KSIE/PKD/724/17-18 തിയ്യതി 23.03.2018 പ്രകാരം 41,25,000 രൂപ നിർവഹണ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIEL) എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട് ഇൻസ്റ്റലേഷൻ റിപ്പോർട്ട്, പ്രവർത്തന റിപ്പോർട്ട് എന്നിവ പരിശോധനക്ക് നൽകിയിട്ടില്ല. ഈ റിപ്പോർട്ടുകൾ പരിശോധനക്ക് ലഭ്യമാക്കുന്നതിന് വിധേയമായി 11,25,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 37 തീയ്യതി 20.01.2022)

**1-25 വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും-അപാകതകൾ**

ബിൽ റഫ. നം/ തീയ്യതി: 20200447000300137352/ 11.04.2020 തുക 3,30,597/-

20200447000300137365/ 11.04.2020 തുക 1,62,364/-

20200447000300814093/ 09.12.2020 തുക 6,70,446/-

20200447000300821294/ 11.12.2020 തുക 19,89,996/-

2020-21 വർഷത്തിൽ മുനിസിപ്പൽ എഞ്ചിനീയർ (അസിസ്റ്റന്റ് എഞ്ചിനീയർ) നിർവഹണ ഉദ്യോഗസ്ഥനായി സി.എഫ്.സി ഗ്രാന്റിൽ നിന്നും 31,53,403 രൂപ വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ സ്ഥാപിക്കലും പരിപാലനവും (പ്രൊ നം. 151/21). ഈ പദ്ധതി 2019-20 ലെ 483/20 (വിവിധ വാർഡുകളിലെ തെരുവ് വിളക്കുകളുടെ സ്ഥാപിക്കലും പരിപാലനവും) എന്ന പദ്ധതി സ്പിൽ ഓവറായി നടപ്പിലാക്കിയതാണ്.

483/20 എന്ന പദ്ധതി നടപ്പിലാക്കുന്നതിനായി കാസറഗോഡ് കുടുംബശ്രീ ജില്ലാ മിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രാമ കിരണം സ്ട്രീറ്റ് ലൈറ്റ് & എൽ ഇ ഡി നിർമാണ യൂണിറ്റ്, പിലിക്കോട് എന്ന

സ്ഥാപനം മുനിസിപ്പൽ എഞ്ചിനീയറുമായി കരാറിലേർപ്പെട്ടിട്ടുണ്ട് (കരാർ നം. 45/19-20 തീയ്യതി 02.11.2019). കരാറിലെ ഏതാനും വ്യവസ്ഥകൾ ചുവടെ ചേർക്കുന്നു.

1. നിബന്ധന 5 പ്രകാരം കരാർ ഉടമ്പടി വച്ച് 2 ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും 25 ദിവസത്തിനുള്ളിൽ നിലവിലുള്ള പരാതികൾ പരിഹരിക്കേണ്ടതും പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ തുടർ റിപ്പയർ പ്രവൃത്തികൾ പൂർത്തിയാക്കേണ്ടതുമാണ്.

2. നിബന്ധന 6 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുവാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണ്.അതിൽ കൂടുതൽ വരുന്ന സമയം, പോസ്റ്റ് ഒന്നിന് ദിവസം 10 രൂപ നിരക്കിൽ പിഴ ചുമത്തിക്കൊണ്ട് കാലാവധി നീട്ടിക്കൊടുക്കുന്നതാണ്. യാതൊരു കാരണവശാലും നിരക്കിൽ വർദ്ധനവോ വ്യതിയാനമോ അനുവദിക്കുന്നതല്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരം പൂർത്തിയായ പ്രവൃത്തിക്ക് തുക അനുവദിക്കുന്നതാണ്. തെരുവ് വിളക്കുകൾ പുതിയത് /കേടായത് മാറ്റി സ്ഥാപിക്കുന്ന സംഗതികളിൽ, സ്ഥാപിക്കുന്ന തിയതി മുതൽ കൃത്യം ഒരു വർഷം/രണ്ട് വർഷം വരെ ഗ്യാരണ്ടി പീരിയഡായി കണക്കാക്കുന്നതാണ്. ഗ്യാരണ്ടി പീരിയഡിൽ സംഭവിക്കുകയോ കാണുകയോ ചെയ്യുന്ന എല്ലാ തകരാറുകളിലേക്കും സാധനസാമഗ്രികൾ കരാറുകാരൻ സ്വന്തം ചെലവിൽ മാറ്റി സ്ഥാപിക്കേണ്ടതാണ്.

3. നിബന്ധന 22 നഗരസഭാപരിധിയിലുള്ള തെരുവ് വിളക്കുകളുടെ റിപ്പയറിങ് ചാർജ്ജായി പോസ്റ്റ് ഒന്നിന് 120 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്.

4. നിബന്ധന 24 പ്രകാരം സ്പെയർപാർട്സുകളുടെ ഗുണനിലവാരം ഗവൺമെന്റ് എഞ്ചിനീയറിങ് കോളജിൽ നിന്ന് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ് .

5. നിബന്ധന 25 പ്രകാരം നഗരസഭാ ഓഫീസിലെ പരാതി രജിസ്റ്റർ പരിശോധിച്ച്, റിപ്പയർ ചെയ്യേണ്ട ലൈറ്റുകൾ ഏഴ് ദിവസത്തിനകം റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കാത്തപക്ഷം പത്ത് രൂപ നിരക്കിൽ ഒരോ ദിവസത്തിനും ഫൈൻ ഈടാക്കാവുന്നതാണ്.

6. നിബന്ധന 30 പ്രകാരം കരാർ കാലാവധി എഗ്രിമെന്റ് തിയതി മുതൽ 31.03.2020 വരെയാണ്.

7. നിബന്ധന 42 പ്രകാരം മാറ്റപ്പെടുന്ന സാധന സാമഗ്രികൾ നഗരസഭയുടേതാണെങ്കിൽ അവ നഗരസഭ സ്റ്റോറിൽ തിരിച്ചേൽപ്പിക്കേണ്ടതും, ആയത് കംപ്ലെയിന്റ് രജിസ്റ്ററിൽ ചേർത്ത് നഗരസഭയെ ബോധിപ്പിക്കേണ്ടതും അല്ലാത്തപക്ഷം കരാറുകാരിൽ നിന്നും സ്ക്രാപ്പ് വാല്യൂ ഈടാക്കേണ്ടതുമാണ്.

ഈ പദ്ധതിയുമായി ബന്ധപ്പെട്ട് 2019-20 വർഷത്തിൽ 3,36,515 രൂപയും, 2020-21 വർഷത്തിൽ 31,53,403 രൂപയും വിനിയോഗിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പദ്ധതി 2020-21 വർഷത്തിൽ സ്പിൽ ഓവറായി (151/21), അടങ്കൽ തുക വർദ്ധിപ്പിച്ച് നടപ്പാക്കിയെങ്കിലും കരാർ പുതുക്കിയിട്ടില്ല.

2. നഗരസഭയിൽ പരാതി രജിസ്റ്റർ (തെരുവ് വിളക്കുകളെ സംബന്ധിച്ചത്) പരിപാലിക്കുന്നില്ല.

3. നഗരസഭ പരിധിയിലെ തെരുവ് വിളക്കുകളുടെ എണ്ണം, സ്ഥാപിച്ചിട്ടുള്ള വൈദ്യുത തൂണുകളുടെ നമ്പറുകൾ എന്നിവ സംബന്ധിച്ച രജിസ്റ്ററുകളില്ല.

4. നഗരസഭയിൽ സ്ക്രാപ്പ് രജിസ്റ്റർ (തെരുവ് വിളക്കുകളെ സംബന്ധിച്ചത്) പരിപാലിക്കുന്നില്ല.

5. റിപ്പയർ നടത്തി മാറ്റി വച്ചതും പുതിയതായി സ്ഥാപിച്ചതുമായ തെരുവ് വിളക്കുകൾക്കും അനുബന്ധ സാമഗ്രികൾക്കും, കരാർ പ്രകാരം ഒരു വർഷം/രണ്ട് വർഷം ഗ്യാരണ്ടി ലഭ്യമാണ്. ഈ കാലയളവിലുണ്ടാകുന്ന കഷ്ട-നഷ്ടങ്ങൾ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിഹരിക്കേണ്ടതാണ്. എന്നാൽ റിപ്പയർ രജിസ്റ്റർ പരിപാലിക്കാത്തതിനാൽ ഇത് നിരീക്ഷിക്കുന്നതിനുള്ള സംവിധാനമില്ല.

6. കരാറുകാരൻ സമർപ്പിക്കുന്ന ഇൻവോയ്സിന്റെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്നതായാണ്

കാണുന്നത്. ഇതിന്മേൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പരിശോധനയോ സാക്ഷ്യപ്പെടുത്തലോ നടത്തുന്നില്ല.

മുകളിൽ സൂചിപ്പിച്ച പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, രജിസ്റ്ററുകൾ തയ്യാറാക്കി പരിശോധനക്ക് ലഭ്യമാക്കുന്നതിനും വിധേയമായി 2020-21 വർഷം വിനിയോഗിച്ച 31,53,403 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം. 37 തീയ്യതി 20.01.2022)

## 1-26 വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും-കുറഞ്ഞ നിരക്കിൽ ആദായ നികുതി ഈടാക്കി

പ്രൊജക്ട് നമ്പർ: 151/21

നിർവഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ.

കാഞ്ഞങ്ങാട് നഗരസഭ 2020-21 വർഷം നടപ്പാക്കിയ വിവിധ വാർഡുകളിൽ തെരുവ് വിളക്ക് സ്ഥാപിക്കലും പരിപാലനവും എന്ന പദ്ധതിക്കായി ഗ്രാമകിരണം എന്ന സ്ഥാപനത്തിൽ നിന്നും തെരുവ് വിളക്കുകൾ വാങ്ങിയിട്ടുണ്ട്. ഗ്രാമകിരണത്തിനു തുക അനുവദിച്ചപ്പോൾ 1% നിരക്കിലാണ് ആദായ നികുതി ഈടാക്കിയിരിക്കുന്നത്.

കേന്ദ്ര ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം കോൺട്രാക്ട് പ്രവൃത്തികൾക്ക് ബാധകമായ നികുതി നിരക്ക് ഹിന്ദു കുടുംബം/വ്യക്തിഎന്നിവർക്ക് 1%, മറ്റുള്ളവർക്ക് 2% എന്നിങ്ങനെയാണ്. ആയതിനാൽ ഗ്രാമകിരണം എന്ന സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ആദായ നികുതി 2% നിരക്കിലാണ്. എന്നാൽ കോവിഡ് 19 ന്റെ സാഹചര്യത്തിൽ 14.05.2020 മുതൽ 31.03.2021 വരെ ഈ നിരക്കിൽ 0.50% കുറവ് അനുവദിച്ചിട്ടുണ്ട്. ഈ കാലയളവിൽ 1.50% നികുതിയാണ് സ്രോതസ്സിൽ നിന്നും കുറവ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ തുക നൽകിയപ്പോൾ ആദായ നികുതി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പിൽ അടച്ചത് 1% നിരക്കിലാണ്. ബാധകമായ നികുതി ഇനത്തിൽ കുറവു വന്ന തുക ഗ്രാമകിരണത്തിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

| ബിൽ റഫറൻസ് നമ്പർ /തീയതി | ബിൽ തുക | ഈടാക്കിയ ആദായ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവുവന്ന തുക |
|---|---|---|---|---|
| 20200447000300137352 / 11.04.2020 | ₹3,30,597/- | 3,306/- | 6,612/- | 3,306/- |
| 20200447000300137365 /11.04.2020 | ₹ 1,62,364/- | 1,624/- | 3,248/- | 1,624/- |
| 20200447000300814093 /09.12.2020 | ₹6,70,446/- | 6,705/- | 10,057/- | 3,352/-(1.50 % നിരക്കിൽ) |
| 20200447000300821294 /11.12.2020 | ₹19,89,996/- | 19,000/- | 29,850/- | 10,850/-(1.50 % നിരക്കിൽ) |
| ആകെ | ₹31,53,403/- | 30,635/- | 49,767/- | 19,132/- |

(ഓഡിറ്റ് എൻക്വയറി നം. 35/20-21 തീയ്യതി 20.01.2022)

**1-27 നഗരസഭ സെക്രട്ടറിക്ക് ക്വാർട്ടേഴ്സ് വാടക ഇനത്തിലും, എച്ച്.ആർ.എ ഇനത്തിലും തുക നൽകി-അനുവദനീയമല്ല.**

2020-21 വർഷത്തിൽ നഗരസഭ സെക്രട്ടറി സ്ഥാനം വഹിച്ചിരുന്ന ശ്രീ. ഗിരീഷ് എം. കെ എന്നവർക്ക് 2020 മാർച്ച് മാസം മുതൽ 2021 ഫെബ്രുവരി മാസം വരെ ക്വാർട്ടേഴ്സ് വാടക ഇനത്തിൽ താഴെപ്പറയും പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ഈ മാസങ്ങളിലെ സെക്രട്ടറിയുടെ ശമ്പള ബില്ലുകൾ പരിശോധന നടത്തിയപ്പോൾ ടിയാൻ എച്ച്.ആർ.എ ഇനത്തിലും ഇതേ മാസങ്ങളിൽ തുക കൈപ്പറ്റിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | മാസം | ക്വാർട്ടേഴ്സ് വാടക നൽകിയ വൗച്ചർ നം./ തിയ്യതി | തുക | എച്ച്.ആർ.എ ഇനത്തിൽ ഇതേ മാസം കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | 03/2020 | 22000038/3.4.2020 | 9000 | 1500 |
| 2 | 04/2020 | 22000102/8.5.2020 | 9000 | 1200 |
| 3 | 05/2020 | 22000189/2.6.2020 | 9000 | 1210 |
| 4 | 06/2020 | 22000290/3.7.2020 | 9000 | 1200 |
| 5 | 07/2020 | 22000430/4.8.2020 | 9000 | 1210 |
| 6 | 08/2020 | 22000532/3.9.2020 | 9000 | 1210 |
| 7 | 09/2020 | 22000834/1.10.2020 | 9000 | 1500 |
| 8 | 10/2020 | 22000979/30.10.2020 | 9000 | 1500 |
| 9 | 11/2020 | 22001089/1.12.2020 | 9000 | 1500 |
| 10 | 12/2020 | 22001181/4.1.2020 | 9000 | 1500 |
| 11 | 01/2021 | 22001329/2.2.2021 | 9000 | 1500 |
| 12 | 02/2021 | 22001572/3.3.2021 | 9000 | 1500 |
| | | എച്ച്.ആർ.എ ഇനത്തിൽ ആകെ കൈപ്പറ്റിയ തുക | | 16,530/- |

ക്വാർട്ടേഴ്സ് വാടക ഇനത്തിൽ തുക അനുവദിച്ചതിനാൽ ടിയാന് എച്ച്.ആർ.എ ഇനത്തിൽ ഇതേ മാസങ്ങളിൽ തുക അനുവദിക്കാൻ പാടില്ല. ഓഡിറ്റ് എൻക്വയറി നം. 07/12.01.2022 പ്രകാരം 16530/- രൂപ എച്ച്.ആർ.എ ഇനത്തിൽ അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് 12.1.2022 ന് മറുപടി നൽകി. അധികം കൈപ്പറ്റിയ 16,530/-രൂപ രശീത് നം.01/121011100138/12.1.2022 പ്രകാരം നഗരസഭ ഫണ്ടിലേക്ക് ഒടുക്കി എന്നാണ് മറുപടി നൽകിയത്. ടി തുക ബന്ധപ്പെട്ട ട്രഷറി ഹെഡിലേക്ക് ഒടുക്കി ചെലാൻ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**1-28 അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് മാറ്റാൻ തുക മുൻകൂർ നൽകിയത്**

2020-21 വർഷത്തിൽ നഗരസഭയിലെ ബല്ല ഈസ്റ്റ് ഗവ. ഹയർസെക്കന്ററി സ്കൂളിന് സമീപം അപകടാവസ്ഥയിലായ മരങ്ങൾ മുറിച്ച് മാറ്റുന്നതിന് 2 വൗച്ചറുകൾ പ്രകാരം 31000/- രൂപ ചെലവഴിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയ്യതി | തുക | വിശദവിവരം | കൈപ്പറ്റിയത്, ചെക്ക് നം./ തിയ്യതി |
|---|---|---|---|---|
| 1 | 22001282/28.1.2021 | 15000 | ബല്ല ഈസ്റ്റ് ഗവ. | ഷൈബു വി, |

| | | | | |
|---|---|---|---|---|
| | | | ഹയർസെക്കന്ററി സ്കൂൾ കെട്ടിടത്തിന് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ച് നീക്കുന്നതിന് | കിഴക്കുംകര, അജാനൂർ ചെക്ക് നം.367851/28.1.21 |
| 2 | 22001284/28.1.2021 | 16000 | ബല്ല ഈസ്റ്റ് ഗവ.ഹയർസെക്കന്ററി സ്കൂളിന് മുൻവശത്ത് ഭീഷണിയായി നിൽക്കുന്ന മരങ്ങൾ മുറിച്ച് നീക്കുന്നതിന് | ഷൈബു വി, കിഴക്കുംകര, അജാനൂർ ചെക്ക് നം.367851/28.1.21 |

1) ക്രമ നം. (1) പ്രകാരം മുറിച്ച വിവിധ മരങ്ങൾ കഷണങ്ങളാക്കി സ്റ്റോക്ക് ചെയ്യുകയും ലേലം ചെയ്ത് വില്പന നടത്തുന്നതിന് വാല്യുവേഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട് അസി.ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഓഫീസ്, കാസറഗോഡിന് നം. എച്ച്.1-6986/2020/തിയ്യതി 5.1.2021 പ്രകാരം കത്ത് നൽകുകയും ചെയ്തു. കത്ത് നം. ഇ-44/2021/തിയ്യതി 9.2.2021 പ്രകാരം അസി.ഫോറസ്റ്റ് കൺസർവേറ്റർ വാല്യുവേഷൻ റിപ്പോർട്ട് നൽകി. ആകെ 43395/-രൂപയാണ് വാല്യുവേഷൻ. ഇത് പ്രകാരം ലേല നടപടികൾ സ്വീകരിച്ചിട്ടില്ല.

2) ക്രമ നം. (2) പ്രകാരം മുറിച്ച മരങ്ങൾ കഷണങ്ങളാക്കി സ്റ്റോക്ക് ചെയ്യുകയും ലേലം ചെയ്ത് വില്പന നടത്തുന്നതിന് വാല്യുവേഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട് അസി.ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി ഓഫീസ്, കാസറഗോഡിന് നം. എച്ച്.1-18554/19/തിയ്യതി 5.1.2021 പ്രകാരം കത്ത് നൽകുകയും ചെയ്തു. കത്ത് നം. ഇ-4/2021/തിയ്യതി 9.2.2021 പ്രകാരം അസി. ഫോറസ്റ്റ് കൺസർവേറ്റർ വാല്യുവേഷൻ റിപ്പോർട്ട് നൽകി. ആകെ 2655/-രൂപയാണ് വാല്യുവേഷൻ. ഇത് പ്രകാരം ലേലനടപടികൾ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 26/18.1.2022 പ്രകാരം മേൽ കാര്യങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടതിന് 19.1.2022 ന് മറുപടി നൽകിയിട്ടുണ്ട്. 19.7.2021 ന് ലേലം ചെയ്തെങ്കിലും ആരും ലേലത്തിൽ പങ്കെടുത്തില്ല എന്നും, 5.11.2021 ൽ പുനർലേലം ചെയ്തതിലും ആരും പങ്കെടുത്തില്ല, ആയതിനാൽ ഓഫർ സ്വീകരിച്ച് മരങ്ങൾ നൽകുന്നതിന് 16.12.2021 ൽ നടന്ന ഭരണസമിതിയിൽ സമർപ്പിച്ചു എന്നുമാണ് മറുപടി നൽകിയത്. 16.12.2021 ലെ ഭരണസമിതിയുടെ ഇക്കാര്യത്തിലെ തീരുമാനം അറിയിച്ചിട്ടില്ല. അതിനാൽ എത്രയും പെട്ടെന്ന് ഭരണസമിതി തീരുമാന പ്രകാരമുള്ള അനന്തര നടപടി സ്വീകരിച്ച് വിശദവിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 വിവിധ പ്രവർത്തികൾക്ക് വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തത് -പൂർത്തീകരിച്ചതിന്റെ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല

2020-21 വർഷത്തിൽ നഗരസഭയുടെ വിവിധ ഭാഗങ്ങളിലെ വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന്, വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ താഴെപ്പറയും പ്രകാരം തുക നിക്ഷേപം നടത്തിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം./ തിയ്യതി | തുക | വിശദവിവരം | വൈദ്യുതിബോർഡ് ഡിമാന്റ് നോട്ടീസ് നം./തിയ്യതി | ഫയൽ നം. |
|---|---|---|---|---|---|
| 1 | 22000378/27.7.20 | 88165/- | വാർഡ്- 40 - കുശാൽ നഗർ റോഡിൽ സ്ഥിതി ചെയ്യുന്ന 2HT | DB-12/19-20/DW-Kushalnagar./ KHD-244/Dt.13.3.20, Asst. Engg. KSEB, Kanhangad Section | E3-9785/2019 |

| | | | | | |
|---|---|---|---|---|---|
| | | | Pole - വൈദ്യുതി തൂണുകൾ മാറ്റുന്നത്. | | |
| 2 | 22001347/10.2.21 | 11031/- | വാർഡ് -18- 239 നമ്പർ അംഗൻവാടി റോഡിലെ വൈദ്യുതി തൂൺ മാറ്റുന്നത്. | DB-28/2020-21/213/ DW/Dt.28.1.21, Asst.Engg. KSEB, Kanhangad Section | E3/11087/20 |
| 3 | 22001676/31.3.21 | 72786/- | GHSS ഉപ്പിലക്കൈ - പുതിയ കണക്ഷൻ ലഭിക്കുന്നതിന് | Demand Notice Dated 29.3.21 Asst.Engg. KSEB, Nileswar Section | E3/6359/21 |
| | **ആകെ** | **1,71,982/-** | | | |

മേൽ വിവരിച്ച പ്രകാരം ആകെ 1,71,982/-രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ് കാഞ്ഞങ്ങാട്, നീലേശ്വരം സെക്ഷനുകളിലായി ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഈ പ്രവർത്തികൾക്ക് വൈദ്യുതി ബോർഡ് സമർപ്പിച്ച എസ്റ്റിമേറ്റ്, ഭരണസമിതി അംഗീകാരത്തിന്റെ രേഖകൾ, പ്രവർത്തികൾ പൂർത്തീകരിച്ചത് സംബന്ധിച്ച വിശദവിവരങ്ങൾ എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 08/13.1.2022 പ്രകാരം വിശദവിവരങ്ങൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 14.1.2022 ന് മറുപടി നൽകിയിട്ടുണ്ട്. പ്രവർത്തി പൂർത്തീകരിച്ചത് സംബന്ധമായ രേഖകൾ ഒഴികെ ബാക്കി അനുബന്ധരേഖകളെല്ലാം ഹാജരാക്കിയിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് വൈദ്യുതി ബോർഡിന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്. അതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 1,71,982/-രൂപ തടസ്സത്തിൽ വെക്കുന്നു.

**1-30 ഉപ്പിലക്കൈ കുടിവെള്ള പദ്ധതി**

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രൊജക്ട് നം. 118/21

അടങ്കൽ- 10,00,000/-രൂപ

ചെലവ് - 10,00,000/-രൂപ

ബിൽ നം. 03/2020-21/11.4.2020– 10,00,000/-രൂപ
ഉപ്പിലക്കൈ കുടിവെള്ള പദ്ധതിയ്ക്കായി ബിൽ നം. 03/2020-21/11.4.2020 പ്രകാരം 10,00,000/-രൂപ കേരളാ ജല അതോറിറ്റി, കാസറഗോഡ് (പൊതുജനാരോഗ്യ വിഭാഗം) ബാങ്ക് അക്കൗണ്ടിലേക്ക് (അക്കൗണ്ട് നം. 10510439545/SBI കാസറഗോഡ്) കൈമാറിയിട്ടുണ്ട്.

ഈ പ്രവർത്തിക്ക് കേരള സംസ്ഥാന ജല അതോറിറ്റി കാസറഗോഡ് സമർപ്പിച്ച എസ്റ്റിമേറ്റ്, പ്രവർത്തി പൂർത്തീകരിച്ച് ജല അതോറിറ്റി നൽകിയ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം. 18/15.01.2022 പ്രകാരം ഈ രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 10,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**1-31 വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി- പട്ടികവർഗ്ഗം -അപാകത**

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി
പ്രൊജക്ട് നം. 271/21

അടങ്കൽ - 87000/-രൂപ – ടി.എസ്.പി

ചെലവ് - 86258/-രൂപ

ബിൽ നം. 58/202-21/2.2.2021 – 86258/- രൂപ

2019-20 വർഷത്തിൽ നടപ്പിലാക്കാൻ രൂപം കൊടുത്ത വയോജനങ്ങൾക്ക് കട്ടിൽ - പട്ടികവർഗ്ഗം എന്ന പദ്ധതി 2020-21 വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പിലാക്കുകയായിരുന്നു. ഊരുകൂട്ടത്തിൽ നിന്നും ലഭിച്ച ഗുണഭോക്തൃപട്ടിക 8.3.2019 ലെ ഭരണസമിതി തീരുമാനം നം. 1(1) പ്രകാരം അംഗീകരിച്ച് അന്തിമ ഗുണഭോക്തൃ പട്ടിക പുറത്തിറക്കി. 11.2.2020 ലെ ഭരണസമിതി തീരുമാനം നം. 1(3) പ്രകാരം ഈ പദ്ധതിക്കായി കട്ടിലുകൾ KADCO കോഴിക്കോടിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് തീരുമാനിച്ചു. സ്ഥാപനം 30.1.2020 ന് സമർപ്പിച്ച കട്ടിൽ ഒന്നിന് 4349.50 രൂപ എന്ന തുക അംഗീകരിച്ചാണ് പർച്ചേസ് നടത്താൻ തീരുമാനിച്ചത്. 18.2.2020 ലെ കത്ത് നം. ജി-32148/20 പ്രകാരം സപ്ലൈ ഓർഡർ നൽകി. ആകെ 20 കട്ടിലുകൾക്കാണ് ഓർഡർ നൽകിയത്. ഇൻവോയ്സ് നം. NRO/SALES/20/തിയ്യതി 11.6.2020 പ്രകാരം ആകെ 20 കട്ടിലുകൾ KADCO കോഴിക്കോട് വിതരണം ചെയ്തു.
ബിൽ നം. 58/202-21/2.2.2021 പ്രകാരം 86258/- രൂപ സ്ഥാപനത്തിന് ഓൺലൈൻ ആയി നൽകി.

കട്ടിലുകൾ താഴെപ്പറയും പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് |
|---|---|
| 1 | കെ രാമൻ, S/O ഉമ്പിച്ചി, അത്തിക്കോത്ത് എ.സി നഗർ |
| 2 | മീനാക്ഷി.എ, W/O രാമൻ (L), അത്തിക്കോത്ത് എ.സി നഗർ |
| 3 | എലുമ്പിച്ചി എ, W/O എ.സി മുകുന്ദൻ, |
| 4 | കൃഷ്ണൻ എ, S/O കല്ലളൻ, അത്തിക്കോത്ത് എ.സി നഗർ |
| 5 | മാധവൻ എ, S/O കല്ലളൻ, അത്തിക്കോത്ത് എ.സി നഗർ |
| 6 | കാർത്ത്യായനി എ, W/O കെ കൊട്ടൻ, അത്തിക്കോത്ത് എ.സി നഗർ |
| 7 | ചുക്രൻ എ, S/O പള്ളത്താൻ, അത്തിക്കോത്ത് എ.സി നഗർ |
| 8 | ഉണ്ടച്ചി എ, W/O കൃഷ്ണൻ(L). |

| | |
|---|---|
| | അത്തിക്കോത്ത് എ.സി നഗർ |
| 9 | നാരായണി കെ, D/O ഗോവിന്ദൻ, അത്തിക്കോത്ത് എ.സി നഗർ |
| 10 | കണ്ണൻ എം, S/O ശങ്കരൻ (L), അത്തിക്കോത്ത് എ.സി നഗർ |
| 11 | സരോജിനി എം, W/O ഭാസ്കരൻ എ, അത്തിക്കോത്ത് എ.സി നഗർ |
| 12 | ആലാമി, S/O പൊക്കൻ (L), അത്തിക്കോത്ത് എ.സി നഗർ |
| 13 | കല്യാണി എ, W/O രാമൻ (L), അത്തിക്കോത്ത് എ.സി നഗർ |
| 14 | രാമൻ എ, D/O പക്കീരൻ (L), അത്തിക്കോത്ത് എ.സി നഗർ |
| 15 | ജാനകി കെ, D/O ഗോവിന്ദൻ (L), അത്തിക്കോത്ത് എ.സി നഗർ |
| 16 | ചെന്നു, W/O കൃഷ്ണൻ കെ (L) പൂടംകല്ലടുക്കം |
| 17 | കെ കണ്ണൻ S/O തിരുമ്പൻ (L), പൂടംകല്ലടുക്കം |
| 18 | കുമ്പ വി, അരയി, പാലക്കാൽ, കാർത്തിക |
| 19 | കാരിച്ചി എം, മുവ്വാരത്ത്, വാഴുന്നോറടി |
| 20 | മാണിക്കം, W/O മുന്തൻ, വാഴുന്നോറടി |

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധന നടത്തിയപ്പോൾ താഴെപ്പറയുന്ന 2 ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

1 ക്രമ നം. (7)-ചുക്രൻ എ

2. ക്രമ നം. (17)-കെ കണ്ണൻ

2 ഗുണഭോക്താക്കളുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്, അതുവരെ ഇവർക്ക് കട്ടിലുകൾ നൽകുന്നതിന് ചെലവഴിച്ച 8,626/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.( എൻക്വയറി നം.29/19.01.2022)

**1-32 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ -അപാകത**

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

പ്രൊജക്ട് നം. 131/21

അടങ്കൽ - 2,00,000/-രൂപ – ടി.എസ്.പി

ചെലവ് - 1,88,373/-രൂപ

ബിൽ നം. 01/2020-21/17.4.2020 – 1,88,373/- രൂപ

2019-20 വർഷത്തിൽ നടപ്പിലാക്കാൻ രൂപം കൊടുത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ എന്ന പദ്ധതി 2020-21 വർഷത്തിൽ സ്പിൽ ഓവർ ആയി നടപ്പിലാക്കുകയായിരുന്നു. സ്റ്റോർ പർച്ചേസ് (എ) വകുപ്പിന്റെ 7.11.2019 ലെ ഉത്തരവ് നം.47/2019/SPD പ്രകാരം KADCO കോഴിക്കോടിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി ഉള്ളതിനാൽ നിർവ്വഹണ ഏജൻസിയായി അവരെ തെരെഞ്ഞെടുത്തു. അതു പ്രകാരം സ്ഥാപനം 30.1.2020 ന് എസ്റ്റിമേറ്റ് സമർപ്പിച്ചു. സ്റ്റീൽ ടേബിളിന് 3799.67 രൂപയും, സ്റ്റീൽ ആംലെസ്സ് ചെയറിന് 1199.52 രൂപയുമാണ് വില. പ്രൊക്യൂർമെന്റ് കമ്മിറ്റി ഈ എസ്റ്റിമേറ്റ് അംഗീകരിക്കുകയും കൗൺസിലിന് സമർപ്പിക്കുകയും ചെയ്തു. കൗൺസിൽ തീരുമാനം നം. (6)/11.2.2020 പ്രകാരം എസ്റ്റിമേറ്റിന് അംഗീകാരം നൽകി. 18.12.2019 ലെ ഭരണസമിതി തീരുമാനം നം. 11(1) പ്രകാരം ഈ പദ്ധതിയുടെ 38 പേർ അടങ്ങിയ അന്തിമ ഗുണഭോക്തൃപട്ടിക അംഗീകരിച്ചു.

കത്ത് നം. ജി-3-2207/തിയ്യതി 18.2.2020 പ്രകാരം സപ്ലൈ ഓർഡർ നൽകി. KADCO കോഴിക്കോട് ഇൻവോയ്സ് നം. NRO/SALES/665/തിയ്യതി 6.3.2020 പ്രകാരം 24 ടേബിൾ, 24 ചെയർ എന്നിവയും, ഇൻവോയ്സ് നം. NRO/SALES/666/തിയ്യതി 6.3.2020 പ്രകാരം 14 ടേബിൾ, 14 ചെയർ എന്നിവയും വിതരണം ചെയ്തു. ആകെ ഇൻവോയ്സ് തുക 1,88,373/-രൂപ. ബിൽ നം. 01/2020-21/17.4.2020 പ്രകാരം 1,88,373/- രൂപ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറി. അക്കൗണ്ട് നം. 0822101011409/ കാനറാ ബാങ്ക്. ആകെ 38 സ്റ്റീൽ ടേബിൾ, 38 ആംലെസ്സ് ചെയർ എന്നിവ താഴെപ്പറയും പ്രകാരം വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | സ്കൂൾ, ക്ലാസ്സ് | പരിശോധനയിൽ കണ്ടെത്തിയ അപാകത |
|---|---|---|---|
| 1 | സൂര്യ എ, D/O രമണി, അത്തിക്കോത്ത് എ.സി നഗർ | 7-ാം ക്ലാസ്സ്, GHSS മടിക്കൈ | - |
| 2 | വിപിൻഎ, S/O പുഷ്പ എ അത്തിക്കോത്ത് എ.സി നഗർ | 8-ാം ക്ലാസ്സ്, GHSS മടിക്കൈ | - |
| 3 | സജിന എ, D/O ശ്രീജിത്ത് എ | 6-ാം ക്ലാസ്സ്, GHSS മടിക്കൈ | - |

| | | | |
|---|---|---|---|
| | അത്തിക്കോത്ത് എ.സി നഗർ | | |
| 4 | ആദിത്ത് എം ആർ, S/O മധുസൂദനൻ അത്തിക്കോത്ത് എ.സി നഗർ | 6-ാം ക്ലാസ്സ്, GHSS മടിക്കൈ | - |
| 5 | ജിതിൻ എ, S/O പുഷ്പ എ അത്തിക്കോത്ത് എ.സി നഗർ | 5-ാം ക്ലാസ്സ്, GHSS മടിക്കൈ | - |
| 6 | പ്രണവ് പി എം, S/O പത്മനാഭൻ എ അത്തിക്കോത്ത് എ.സി നഗർ | 8-ാം ക്ലാസ്സ്, GHSS മടിക്കൈ | - |
| 7 | അഭിനവ് എ കെ, S/O മുരളി എ കെ | 7-ാം ക്ലാസ്സ്, GHSS ബല്ല ഈസ്റ്റ് | - |
| 8 | മന്യ എ D/O ശോഭ എ അത്തിക്കോത്ത് എ.സി നഗർ | - | സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല, ഹാജരാക്കിയ ജാതി സർട്ടിഫിക്കറ്റ് പ്രകാരം 17 വയസ്സാണ്. |
| 9 | അനശ്രീ സി, D/O ബാലൻ ബി അത്തിക്കോത്ത് എ.സി നഗർ | 6-ാം ക്ലാസ്സ്, GHSS മടിക്കൈ | - |
| 10 | നീരജ് എൻ എ, S/O നാരായണൻ അത്തിക്കോത്ത് എ.സി നഗർ | 8-ാം ക്ലാസ്സ്, GHSS മടിക്കൈ | - |
| 11 | ശ്രീവൈഗ, D/O ബിന്ദു.എ അത്തിക്കോത്ത് എ.സി നഗർ | 4-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | - |
| 12 | പ്രവീണ, D/O പാർവ്വതി എ അത്തിക്കോത്ത് എ.സി നഗർ | 4-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | - |
| 13 | ആരോമൽ, S/O വേണ അത്തിക്കോത്ത് എ.സി നഗർ | 5-ാം ക്ലാസ്സ് GHSS മടിക്കൈ | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 14 | ഗൗതം ജി, S/O ഗോപാലൻ അത്തിക്കോത്ത് എ.സി നഗർ | 2-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | - |
| 15 | നിരഞ്ജന മനോജ്, D/O മനോജ്(L) അത്തിക്കോത്ത് എ.സി നഗർ | 2-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | - |
| 16 | ശാശ്വതിലക്ഷ്മി, D/O ശാരദ കെ അത്തിക്കോത്ത് എ.സി നഗർ | 2-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | - |

| | | | |
|---|---|---|---|
| 17 | ഉചിത, D/O ചിത്ര എ അത്തിക്കോത്ത് എ.സി നഗർ | 3-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | - |
| 18 | നന്ദുകൃഷ്ണൻ, S/O കോരൻ അത്തിക്കോത്ത് എ.സി നഗർ | 5-ാം ക്ലാസ്സ്, GHSS മടിക്കൈ | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 19 | ശ്രീദേവി എ, D/O അജിത് കുമാർ അത്തിക്കോത്ത് എ.സി നഗർ | 4-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 20 | അനുദീപ്, S/O ഉണ്ണി അത്തിക്കോത്ത് എ.സി നഗർ | 2-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 21 | ആവണി, D/O സുനിത അത്തിക്കോത്ത് എ.സി നഗർ | - | ആപേക്ഷ, സ്കൂൾ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 22 | ലയേഷ്, S/O ലോഹിതാക്ഷൻ അത്തിക്കോത്ത് എ.സി നഗർ | 1-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 23 | ശിവപ്രിയ, D/O ഗോപി.ടി അത്തിക്കോത്ത് എ.സി നഗർ | 1-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 24 | പ്രസീന പി വി, D/O ബിന്ദു അത്തിക്കോത്ത് എ.സി നഗർ | 1-ാം ക്ലാസ്സ് MGLC അത്തിക്കോത്ത് | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 25 | വൈശാഖ് എം കെ, S/O ഓമന എ അത്തിക്കോത്ത് എ.സി നഗർ | 10-ാം ക്ലാസ്സ് GHSS മടിക്കൈ | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 26 | ഹർഷൻ വി, S/O വിശ്വനാഥൻ അത്തിക്കോത്ത് എ.സി നഗർ | 1-ാം ക്ലാസ്സ് LFGirls HSS, കാഞ്ഞങ്ങാട് | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 27 | അതുല്യ പി, D/O ബാബു പി, അരയി കാർത്തിക | 6-ാം ക്ലാസ്സ്, GUPS അരയി | - |
| 28 | അപർണ്ണ എം, D/O കണ്ണൻ വാഴുന്നോറടി | - | സ്കൂൾ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 29 | അളകനന്ദ എസ്, D/O സുരേശൻ പി അരയി കാർത്തിക | 2-ാം ക്ലാസ്സ്, GHSS ഉപ്പിലക്കൈ | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 30 | മയൂഖ, D/O ഷൈമ പി അരയി പാലക്കൽ | 1-ാം ക്ലാസ്സ്, GUPS അരയി | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |

| | | | |
|---|---|---|---|
| 31 | രാഹുൽ, S/O പുരുഷോത്തമൻ കെ പി<br>അത്തിക്കോത്ത് എ.സി നഗർ | 3-ാം ക്ലാസ്സ് GUPS അരയി | അപേക്ഷ, സ്കൂൾ സർട്ടിഫിക്കറ്റ്, ജാതി സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. |
| 32 | ഗൗതം ഗണേഷ്, S/O ഗണേശൻ കെ, അരയി കാർത്തിക | 1-ാം ക്ലാസ്സ്, GHS ഉപ്പിലക്കൈ | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 33 | അക്ഷയ എം, D/O കൃഷ്ണൻ സി<br>വാഴുന്നോറടി | 4-ാം ക്ലാസ്സ്, GHSS ഉപ്പിലക്കൈ | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 34 | അമേയ എം, D/O കൃഷ്ണൻ സി<br>വാഴുന്നോറടി | 1-ാം ക്ലാസ്സ്, GHSS ഉപ്പിലക്കൈ | അപേക്ഷ, ആധാർ ഹാജരാക്കിയിട്ടില്ല |
| 35 | ശ്രീരാഗ് കെ<br>പൂടംകല്ലടുക്കം | - | സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 36 | ശ്രീരാജ് കെ, S/O ശ്രീധരൻ കെ<br>പൂടംകല്ലടുക്കം | - | സ്കൂൾ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 37 | മാളവിക കെ, D/O മധു കെ<br>പൂടംകല്ലടുക്കം | 4-ാം ക്ലാസ്സ്, GHSS മടിക്കൈ | - |
| 38 | തേജസി സി<br>പൂടംകല്ലടുക്കം | - | സ്കൂൾ സർട്ടിഫിക്കറ്റ്, ഹാജരാക്കിയിട്ടില്ല. |

ഈ പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും പരിശോധന നടത്തിയപ്പോൾ മേൽ പട്ടികയിലെ കോളം നമ്പർ (4)ൽ സൂചിപ്പിച്ച പ്രകാരം 21 വിദ്യാർത്ഥികളുടെ മുഴുവൻ രേഖകളും ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.30/19.01.2022 പ്രകാരം രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ 21 കുട്ടികൾക്ക് ചെലവഴിച്ച തുക 1,04,097/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-33 PMAY ഭവനപദ്ധതി

എല്ലാവർക്കും വാസയോഗ്യമായ ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുന്ന പി.എം.എ.വൈ പദ്ധതിയിൽ കാഞ്ഞങ്ങാട് നഗരസഭയിൽ 3 ഡിപിആറുകളിലായി 916 ഗുണഭോക്താക്കളാണുള്ളത്.

സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വാസയോഗ്യമായ ഭവനം ഇല്ലാത്തതുമായവരെയാണ് പിഎംഎവൈ പദ്ധതിയുടെ BLCN എന്ന ഘടകത്തിൽ ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിന് ധനസഹായം നൽകിവരുന്നത്. 2017 മാർച്ച് മാസത്തിൽ 519 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി നഗരസഭ ഒന്നാം ഡിപിആർ സമർപ്പിക്കുകയുണ്ടായി. പിന്നീട് യഥാക്രമം 409, 211 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി രണ്ടും മൂന്നും ഡിപിആറുകൾക്ക് അംഗീകാരം ലഭിച്ചു.

ഒരു ഗുണഭോക്താവിന് 4,00,000 രൂപയാണ് ഭവനനിർമ്മാണത്തിന് ധനസഹായം നൽകിവരുന്നത്. പ്രസ്തുത തുകയിൽ 1.5 ലക്ഷം രൂപ കേന്ദ്രവിഹിതവും 50,000 രൂപ സംസ്ഥാന വിഹിതവും ബാക്കിയുള്ള 2,00,000 രൂപ നഗരസഭാ വിഹിതവുമായാണ് നൽകുന്നത്. നഗരസഭാ വിഹിതമായി 13.4 കോടിരൂപ ഹഡ്കോയിൽനിന്നും വായ്പയായി സ്വീകരിച്ചിട്ടുള്ളതാണ്. പദ്ധതി പുരോഗതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തദ്ദേശസ്വയം ഭരണ സ്ഥാപന വിഹിതം, ഗുണഭോക്തൃ വിഹിതം, കേന്ദ്ര-സംസ്ഥാന വിഹിതം,ബാങ്ക് പലിശ എന്നീയിനങ്ങളിൽ 31.03.2021 വരെ 3224.2282 ലക്ഷം രൂപ പദ്ധതിയ്ക്കായി ലഭ്യമായിട്ടുണ്ട് . ഇതിൽ 3146.4923 ലക്ഷം രൂപ 31.03.2021 വരെ പദ്ധതിയ്ക്കായി വിനിയോഗിച്ചിട്ടുമുണ്ട്.

| ക്രമ നമ്പർ | ഇനം | വിശദാംശങ്ങൾ | |
|---|---|---|---|
| | | 31-03-2021 | 11-01-2022 |
| | | തുക ലക്ഷത്തിൽ | |
| 1 | ആകെ DPR | 3 | 3 |
| 2 | ആകെ ഗുണഭോക്താക്കൾ | 1150 | 916 |
| 3 | അർഹതപ്പെട്ട ഗുണഭോക്താക്കൾ | 916 | 916 |
| 4 | കെട്ടിട നിർമ്മാണ പെർമിറ്റ് ലഭിച്ചവർ | 725 | 840 |
| 5 | കരാർ ഒപ്പുവെച്ചവർ | 725 | 840 |
| 6 | നിർമ്മാണം ആരംഭിച്ചവർ | 725 | 840 |
| 7 | നിർമ്മാണം പൂർത്തിയാക്കിയവർ | 425 | 731 |
| 8 | ഗുണഭോക്തൃവിഹിതം ലഭിച്ചത് | 28.31 | 28.31 |
| 9 | ആകെ ലഭ്യമായ തദ്ദേശസ്വയംഭരണ സ്ഥാപനവിഹിതം | 631.76 | 904.83 |
| 10 | ആകെ ലഭ്യമായ കേന്ദ്ര-സംസ്ഥാന വിഹിതം | 1200 | 1200 |
| 11 | ആകെ ലഭ്യമായ ബാങ്ക് പലിശ | 24.1582 | 26.78988 |
| 12 | ഹഡ്കോ ലോൺ | 1340 | 1340 |
| 13 | ജിയോ ടാഗിംഗ് പൂർത്തീകരിച്ചത് | 916 | 916 |
| 14 | ആകെ വരവ് | 3224.2282 | 3499.92988 |
| 15 | 31-03-2021 വരെ ആകെ ചെലവ് | 3146.4923 | 3439.66 |
| 16 | കരാർ വെക്കുവാൻ അവശേഷിക്കുന്നവർ | 80 | 76 |

**1-34 പൂർത്തീകരിക്കാത്ത ഭവനങ്ങൾ**

സ്വന്തമായി സ്ഥലമുള്ള വാസയോഗ്യമായ ഭവനമില്ലാത്ത എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാറിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും സഹകരണത്തോടെ നടപ്പിലാക്കുന്ന പി.എം.എ.വൈ പദ്ധതിയിൽ കാഞ്ഞങ്ങാട് നഗരസഭയിൽ ഭവന നിർമ്മാണത്തിന് ധനസഹായം കൈപ്പറ്റുകയും എന്നാൽ നാളിതുവരെയായും നിർമ്മാണം പൂർത്തീകരിക്കാത്തതുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | മേൽവിലാസം | DPR ( പ്രൊജക്ട്) | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | പ്രഭാകരൻ കെ | ലക്ഷംവീട് കോളനി , അത്തിക്കോത്ത് Ward-9 | 3 | 40,000 | 3,6000 |
| 2 | ശർമ്മിള കെ വി | അടമ്പിൽ , ബല്ല Ward-10 | 1 | 40,000 | 3,6000 |
| 3 | പുരന്തര എച്ച് ജി | നിത്യാനന്ദാശ്രമം, കാഞ്ഞങ്ങാട് Ward-14 | 2 | 40,000 | 3,6000 |
| 4 | സബിയ എം | അലാമിപ്പള്ളി, കാഞ്ഞങ്ങാട് Ward-17 | 2 | 40,000 | 3,6000 |
| 5 | ശ്രീധരൻ എ കെ | ഐങ്ങോത്ത്, കാഞ്ഞങ്ങാട് Ward-17 | 2 | 40,000 | 3,6000 |
| 6 | മീനാക്ഷി എൻ | നിലാങ്കര, കാഞ്ഞങ്ങാട് Ward-18 | 1 | 2,00,000 | 2,00,000 |
| 7 | ജാനികി സി | ചാളക്കുഴിയിൽ ഹൌസ് , അരയി , കാഞ്ഞങ്ങാട് Ward-20 | 3 | 2,00,000 | 2,00,000 |
| 8 | മഞ്ജുഷ പി പി | പുതിയപുരയിൽ അരയി കാഞ്ഞങ്ങാട് Ward-20 | 2 | 2,00,000 | 2,00,000 |
| 9 | പ്രകാശൻ എൻ | ലക്ഷംവീട് കോളനി, കാഞ്ഞങ്ങാട് Ward-22 | 1 | 40,000 | 3,6000 |
| 10 | ഐഷിബി സി എച്ച് | ചിറമ്മൽ ഹൌസ്, കാഞ്ഞങ്ങാട് Ward-30 | 3 | 40,000 | 3,6000 |

| | | | | | |
|---|---|---|---|---|---|
| 11 | ഹാജിറ ടി പി | കാരക്കുണ്ട്, കാഞ്ഞങ്ങാട് Ward-31 | 2 | 2,00,000 | 2,00,000 |
| 12 | അജിത്ത് പി | കറുന്തൂർ, കാഞ്ഞങ്ങാട് Ward-34 | 3 | 2,00,000 | 2,00,000 |
| 13 | വി പി കൃഷ്ണൻ | കറുന്തൂർ, കാഞ്ഞങ്ങാട് Ward-34 | 1 | 40,000 | 3,6000 |
| 14 | ഷെറീബ പി എ | കല്ലായി ഹൌസ്, പഴയകടപ്പുറം Ward-35 | 3 | 40,000 | 3,6000 |
| 15 | ഓമന സി | ആവിക്കര, കല്ലൂരാവി Ward-36 | 1 | 2,00,000 | 2,00,000 |
| 16 | പ്രഭാലക്ഷ്മി ബി | കല്ലൂരാവി, കാഞ്ഞങ്ങാട് Ward-36 | 3 | 2,00,000 | 2,00,000 |
| 17 | സുരേന്ദ്രൻ എ കെ | ആവിക്കര, കാഞ്ഞങ്ങാട് Ward-42 | 3 | 2,00,000 | 2,00,000 |

ഭവനനിർമ്മാണം അടിയന്തിരമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-35 വാഴുന്നോറടി കുടിവെള്ള പദ്ധതിക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ പദ്ധതി**

നിർവ്വഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

പ്രൊജക്ട് നം.100/21

അടങ്കൽ- 20,00,000/-രൂപ

ചെലവ് - 7,08,931/-രൂപ

ബിൽ നം. 82/2020-21/20.3.2021 – 7,08,931/-രൂപ

വാഴുന്നോറടി കുടിവെള്ള പദ്ധതിക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ളതാണ് ഈ പദ്ധതി. കേരള സംസ്ഥാന വൈദ്യുതി ബോർഡ് മാവുങ്കാൽ സെക്ഷൻ അസി.എഞ്ചിനീയർ കത്ത് നം.DB/20-21/AE/ES/MVL/322/Dt.2.2.2021 പ്രകാരം പദ്ധതിയുടെ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആകെ 7,08,931/-രൂപയാണ് എസ്റ്റിമേറ്റ് തുക. ബിൽ നം. 82/2020-21/20.3.2021 പ്രകാരം 7,08,931/-രൂപ വൈദ്യുതി ബോർഡ് മാവുങ്കാൽ സെക്ഷന് കൈമാറിയിട്ടുണ്ട്. അക്കൗണ്ട് നം. 42553170000043/സിൻഡിക്കേറ്റ് ബാങ്ക്.

ഈ പ്രവർത്തി പൂർത്തീകരിച്ച് വൈദ്യുതി ബോർഡ് നൽകിയ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഓഡിറ്റ് എൻക്വയറി നം.17/15.1.2022 പ്രകാരം വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ടതിന് 19.1.2022 ന് മറുപടി നൽകിയിട്ടുണ്ട്. നം. ജി 3-10018/21/ തിയ്യതി 18.1.2022 പ്രകാരം വൈദ്യുതി ബോർഡിന് കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി നൽകിയിരിക്കുന്നത്. അതിനാൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതുവരെ ചെലവ് തുക 7,08,931/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

**1-36 വയോമിത്രം പദ്ധതിയ്ക്കായി സാമൂഹ്യ സുരക്ഷാമിഷന് തുക കൈമാറിയത് -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.**

വയോമിത്രം പദ്ധതിയുടെ നഗരസഭാ വിഹിതമിനത്തിൽ 2020-21 വർഷം ചുവടെ ചേർത്ത പ്രകാരം 20,00,000/- രൂപ വികസനഫണ്ടിൽ നിന്നും കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ മിഷന് കൈമാറിയിട്ടുണ്ട്.

| പ്രൊജക്റ്റ് നം | ട്രഷറി ബിൽ നം.തിയതി | തുക |
|---|---|---|
| നം.8/21 | 21/5.11.2020 | ₹10,00,000/- |
| നം.124/21 (സ്പിൽ ഓവർ) | 5/17.6.2020 | ₹3,50,000/- |
| | 6/17.6.2020 | ₹3,50,000/- |
| | 7/17.6.2020 | ₹3,00,000/- |
| | ആകെ | ₹20,00,000/- |

പ്രസ്തുത തുകയിൽ 10,00,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി. അവശേഷിച്ച 10,00,000 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കുന്നതുവരെ 10,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 4 /20-21 തി.12.01.2022)

**1-37 സാധനങ്ങളും സേവനങ്ങളും സമാഹരിക്കൽ -സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കുന്നില്ല- പൊതു അപാകതകൾ**

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ

1) സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ/പൊതുമേഖല സ്ഥാപനങ്ങൾ എന്നിവ ഉപയോഗിക്കുന്ന സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനായി കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഓൺലൈൻ സമാഹരണ പദ്ധതിയാണ് GEM. കേരളത്തിൽ GEM മുഖേനയുള്ള വാങ്ങൽ നടപ്പാക്കുന്നതിനായി GO(P) No.2/18/SPD തീയതി 28-04-2018 പ്രകാരം 2013 ലെ സ്റ്റോർ പർച്ചേസ് മാനുവലിൽ അധ്യായം 19 ൽ ഭേദഗതി വരുത്തി. GO(P) No.7/19/SPD തീയതി 26-04-2019 സർക്കാർ ഉത്തരവ് പ്രകാരം Store Purchase Manualൽ കൂട്ടിചേർക്കപ്പെട്ട അധ്യായം19ലെ ഖണ്ഡിക 19.3 ഭേദഗതി വരുത്തി 25000 രൂപയ്ക്ക് മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും എല്ലാ സർക്കാർ സ്ഥാപനങ്ങളിലും GEM നിർബന്ധമാക്കിയിട്ടുണ്ട്. GEM ൽ സാധന സാമഗ്രികൾ ലഭ്യമല്ലാത്ത സാഹചര്യത്തിലോ ആവശ്യകത/സ്പെസിഫിക്കേഷൻ എന്നിവ സ്വീകാര്യമല്ലാത്ത സാഹചര്യത്തിലോ മാത്രമേ അധികാരികൾ സാമഗ്രികൾ സമാഹരിക്കുന്നതിന് Store Purchase Manualൽ പ്രതിപാദിച്ചിട്ടുള്ള മറ്റു വഴികൾ സ്വീകരിക്കാവൂ. കാര്യകാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ടും നിരക്കുകൾ ന്യായീകരിച്ചുകൊണ്ട് സാക്ഷ്യപ്പെടുത്തലുകൾ നടത്തിയിട്ടുമായിരിക്കണം Store Purchase Manualൽ പ്രതിപാദിക്കുന്ന മറ്റു വഴികൾ സ്വീകരിക്കേണ്ടത്. എന്നാൽ 2019-20, 2020-21 വർഷങ്ങളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ വിവിധ പദ്ധതികൾ പ്രകാരമുള്ള വാങ്ങൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത് ടെണ്ടർ/ക്വട്ടേഷൻ നടപടികളിലൂടെയാണ്. വാങ്ങൽ നടപടികൾ GEM സംവിധാനം മുഖേനയല്ല നിർവ്വഹിച്ചിട്ടുള്ളത്.

GEM സംവിധാനത്തിന് പുറമേ സാധനസാമഗ്രികൾ വാങ്ങുന്ന സാഹചര്യത്തിൽ പ്രസ്തുത ഇനങ്ങൾ GEM ൽ ലഭ്യമല്ലായെന്നും കാര്യകാരണങ്ങൾ രേഖപ്പെടുത്തി നിരക്കുകൾ ന്യായീകരിച്ചുകൊണ്ട് സാക്ഷ്യപ്പെടുത്തലുകൾ നടത്തി പർച്ചേസ് ഫയലുകളിൽ സൂക്ഷിക്കേണ്ട ഉത്തരവാദിത്വം നിർവ്വഹണ ഉദ്യോഗസ്ഥനുണ്ട്. എന്നാൽ ടെണ്ടർ /ക്വട്ടേഷൻ നടപടികൾ സ്വീകരിക്കുന്നതിന് മുമ്പ് GEM സംവിധാനം പ്രയോജനപ്പെടുത്താനുള്ള നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥർ സ്വീകരിച്ചിട്ടില്ല.

2) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവ്വഹണ ഉദ്യോഗസ്ഥർ സാധനങ്ങൾ വാങ്ങുമ്പോൾ ഈടാക്കുന്ന ജി.എസ്.ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ GSTIN ലേക്ക് തന്നെ ഒടുക്കാവുന്നതാമെന്നും പ്രത്യേക രജിസ്ട്രേഷൻ എടുക്കേണ്ടതില്ലെന്നും

നിർദ്ദേശിച്ചിരുന്നു. തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പിന്റെ 8.09.2020 ലെ സർക്കുലർ പ്രകാരം പുറപ്പെടുവിച്ച അധിക മാർഗ്ഗ നിർദ്ദേശ പ്രകാരം തദ്ദേശ സ്വയംഭരണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ഡി.ഡി.ഒ മാരും ജി.എസ്.ടി ടി.ഡി.എസ് (ടാക്സ് ഡിഡക്ടർ) എടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ്മാസ്റ്റർ സർക്കാർ നിർദ്ദേശിച്ച പ്രകാരം ജി.എസ്.ടി രജിസ്ട്രേഷൻ എടുത്തിട്ടില്ല, ഇതുമൂലം വിവിധ പദ്ധതികൾ പ്രകാരമുള്ള പർച്ചേസ് ബില്ലുകളുടെ തുക നൽകുമ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി ഈടാക്കുവാൻ സാധിക്കാത്ത സാഹചര്യമുണ്ടാകുന്നു.

മേൽ ന്യൂനതകൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ സർക്കാർ ഉത്തരവുകൾ സംബന്ധിച്ച അറിവില്ലായ്മ മൂലവും, കോവിഡ് പകർച്ചവ്യാധി മൂലമുണ്ടായ പ്രത്യേക സാഹചര്യം കാരണവുമാണ് സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ സാധിക്കാതിരുന്നതെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ അറിയിക്കുകയുണ്ടായി.

ഇക്കാര്യം പരിശോധിച്ച്, വരും വർഷങ്ങളിൽ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വാങ്ങൽ നടപടികളുമായി ബന്ധപ്പെട്ട സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതും, ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

**1-38 സ്വച്ഛ് ഭാരത് മിഷൻ (നഗരം)- പദ്ധതി പൂർത്തീകരിച്ചിട്ടില്ല.**

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതി പ്രകാരമുള്ള ഖരമാലിന്യ പരിപാലന പദ്ധതി നഗരസഭയിൽ നടപ്പാക്കുന്നതിന് 4.17 കോടി രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് (DPR) സംസ്ഥാന തല ഉന്നതാധികാര സമിതി 27.04.2018 ന് അംഗീകാരം നൽകിയിരുന്നു. ഇതനുസരിച്ച് ആദ്യഘട്ട വിഹിതം ഇനത്തിൽ 91.28 ലക്ഷം രൂപ 2018-19 വർഷം (22.11.2018ന്) നഗരസഭയ്ക്ക് ലഭിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം പദ്ധതികൾ നടപ്പിലാക്കുന്നതിന് 2018-19, 2019-20 വാർഷിക പദ്ധതികളിൽ പദ്ധതികൾ രൂപീകരിച്ചിരുന്നുവെങ്കിലും, പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല. ആദ്യ ഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ തുടർ ഗഡുക്കളും നഗരസഭയ്ക്ക് ലഭ്യമായിട്ടില്ല.

സ്വച്ഛ് ഭാരത് മിഷൻ (നഗരം) പദ്ധതി- കേന്ദ്ര /സംസ്ഥാന വിഹിതം ഇനത്തിലെ ബാലൻസ് തുക പദ്ധതി നടപ്പാക്കുന്ന നഗരസഭകൾക്കായി വീതിച്ച് നൽകുവാൻ ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 28.2.2020 ലെ 2641/ഡി1/2018/എസ്.എം നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം കാഞ്ഞങ്ങാട് നഗരസഭയ്ക്ക് 30,49,862/- രൂപ അനുവദിച്ചിരുന്നതാണ്. പ്രസ്തുത തുക ട്രഷറിയിൽ നിന്നും മാറിയെടുക്കാൻ നഗരസഭയ്ക്ക് സാധിച്ചിട്ടില്ല.

പദ്ധതി നടത്തിപ്പിൽ കാര്യമായ പുരോഗതി കൈവരിക്കാൻ സാധിക്കാത്തതിനാൽ അംഗീകരിച്ച DPR പ്രകാരമുള്ള അടങ്കൽ വ്യത്യാസപ്പെടാതെ ഓരോ ഘടകത്തിന്റേയും എണ്ണത്തിലോ, തുകയിലോ ഭേദഗതി വരുത്തി സംസ്ഥാന ശുചിത്വ മിഷന് സമർപ്പിക്കുവാൻ 31.12.2020 ലെ 3719(1)/ഡി2/2015/എസ്.എം കത്ത് പ്രകാരം സംസ്ഥാന ശുചിത്വമിഷനിൽ നിന്നും ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ഭേദഗതി വരുത്തിയ പ്രൊപ്പോസൽ 27/01/2021 ന് നഗരസഭ ശുചിത്വ മിഷന് സമർപ്പിച്ചിരുന്നു.

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ വിവിധ ഫണ്ടിനങ്ങളിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു. (2019-20, 2020-21, 2021-22 വർഷങ്ങളിലെ ചെലവ്)

| ഇനം | അടങ്കൽ (DPR തയ്യാറാക്കൽ ഒഴികെ Component Cost) | വകയിരുത്തിയ ശുചിത്വ മിഷൻ വിഹിതം | ചെലവഴിച്ച ശുചിത്വ മിഷൻ വിഹിതം | നഗരസഭാ വിഹിതം ചെലവ് | ഗുണഭോക്തൃവിഹിതം ചെലവ് | എണ്ണം |
|---|---|---|---|---|---|---|
| സാനിറ്ററി നാപ്കിൻ വെൻഡിംഗ് | 2,67,000 | 1,55,661 | 1,55,661 | 111339 | 0 | 6 |

| | | | | | | |
|---|---|---|---|---|---|---|
| മെഷീൻ | | | | | | |
| കിച്ചൺ ബിൻ | 10,250 | 5976 | 5976 | 3249 | 1025 | 25 |
| ബയോഗ്യാസ് പ്ലാന്റ് | 202498 | 118056 | 118056 | 64192 | 20250 | 15 |
| റിംഗ് കമ്പോസ്റ്റ് | 34987500 | 20397713 | 1623655 | 909095 | 304750 | 1135 |
| സ്വാപ് ഷോപ് | 1000000 | 583000 | 0 | 0 | 0 | 0 |
| വയബിലിറ്റി ഗ്യാപ് ഫണ്ട് | 1000000 | 583000 | 545500 | 417000 | 0 | 0 |
| RRF മോഡിഫിക്കേഷൻ | 4000000 | 2332000 | 0 | 0 | 0 | 0 |
| | 41467248 | 24175406 | 2448848 | 1504875 | 326025 | |

പദ്ധതിയ്ക്കായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 91.28 ലക്ഷം രൂപയിൽ DPR തയ്യാറാക്കുന്നതിനുള്ള 2,69,548 രൂപ ഉൾപ്പടെ ആകെ 27,18,396/- രൂപ മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. 64 ലക്ഷം രൂപ വിനിയോഗിക്കുവാൻ അവശേഷിക്കുന്നു. പദ്ധതിയ്ക്കായി ലഭിച്ച തുക സമയബന്ധിതമായി വിനിയോഗിക്കാൻ സാധിച്ചില്ലെങ്കിൽ സർക്കാരിലേയ്ക്ക് തിരികെ ഒടുക്കേണ്ടി വരുന്നതിനാൽ ഖരമാലിന്യ പരിപാലന പദ്ധതിയ്ക്കായി ലഭിച്ച തുക എത്രയും വേഗം ഫലപ്രദമായി വിനിയോഗിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-39 സാക്ഷരതാ മിഷന് തുല്യതാ പരീക്ഷാ ഫീസ് നൽകിയത് - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല**

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ്മാസ്റ്റർ

കേരള സാക്ഷരതാ മിഷൻ നടത്തുന്ന വിവിധ പരീക്ഷകളുടെ ഫീസിനത്തിൽ ചുവടെ ചേർത്ത പ്രൊജക്ടുകൾ പ്രകാരം 5,14,400/- രൂപ 2020-21 വർഷം കാഞ്ഞങ്ങാട് നഗരസഭയിലെ ഗുണഭോക്താക്കൾക്ക് വേണ്ടി സംസ്ഥാന സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്.

| ക്രമ നം. | പ്രൊജക്ട് നമ്പർ | തുക | ട്രഷറി ബിൽ നം തിയതി | റിമാർക്സ് |
|---|---|---|---|---|
| 1 | 5/2020-21 - തുടർ വിദ്യാഭ്യാസം | 2,12,150/- | 16/31-03-2021 | ഗുഡ് ഇംഗ്ലീഷ് കോഴ്സ്& പത്താം തരം തുല്യതാ പരീക്ഷാ ഫീസ് |
| 2 | 164/20-21(SO)- തുടർ വിദ്യാഭ്യാസം | 3,02,250 | 4/27.04.2020 | പത്താം തരം, +1, +2, പരീക്ഷാ ഫീസ് 2019-20 |
| | ആകെ | 5,14,400/- | | |

പ്രസ്തുത തുകകൾ കൈപ്പറ്റിയതിന്റെ രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. സംസ്ഥാന സാക്ഷരതാമിഷനിൽ നിന്നുമുള്ള കൈപ്പറ്റ് രസീത്, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ പദ്ധതിയ്ക്കായി സാക്ഷരതാ മിഷന് കൈമാറിയ 5,14,400/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് എൻക്വയറി നം. 22/20-21 തി.17.01.2022)

**1-40 അങ്കണ വാടി വർക്കർമാരുടേയും സഹായികളുടേയും ഹോണറേറിയം വിഹിതം-**

**കൈമാറിയതിൽ അപാകത**

നിർവ്വഹണ ഉദ്യോഗസ്ഥ: ഐ.സി.ഡി.എസ് സൂപ്പർവൈസർ

കാഞ്ഞങ്ങാട് നഗരസഭയിൽ 2019-20, 20-21 വർഷങ്ങളിൽ അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം ഇനത്തിൽ സർക്കാരിലേക്ക് തുക കൈമാറിയതിൽ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ അധികൃതർക്ക് വീഴ്ച സംഭവിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1) അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ കാഞ്ഞങ്ങാട് നഗരസഭ 2019-20 വർഷം 23,21,400 രൂപയായിരുന്നു വികസനഫണ്ടിൽ നിന്നും സർക്കാരിലേയ്ക്ക് കൈമാറേണ്ടിയിരുന്നത്. (വർക്കർമാർക്ക് 2200 രൂപ വീതവും, സഹായികൾക്ക് 1450 രൂപ വീതവും പ്രകാരം 53 സെന്ററുകളിലേയ്ക്കായി 23,21,400). പ്രസ്തുത തുക ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറിമാർ വികസന ഫണ്ടിൽ നിന്നും ബന്ധപ്പെട്ട കണക്ക് ശീർഷകങ്ങളിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യണമെന്ന് വികസന ഫണ്ട് അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിച്ചിരുന്നു.(സ.ഉ.(സാധ) നം.2772/19 ധന തി.3.4.2019 -₹773800, സ.ഉ.(സാധ) നം.6105/19 ധന തി. 01.8.2019 -₹773800, & സ.ഉ.(സാധ) നം.10050/19 ധന തി.21.12.2019 -₹773800,)

എന്നാൽ മേൽ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശം നഗരസഭ പാലിച്ചിട്ടില്ല. പകരം നിർവ്വഹണ ഉദ്യോഗസ്ഥ ഐ.സി.ഡി.എസ് സൂപ്പർവൈസർ പ്രൊജക്ട് നം 176/2019-20 പ്രകാരം 12,00,000 രൂപ സർക്കാരിലേക്ക് (ട്രഷറി ബിൽ.നം 21/14.2.2020, ₹4,00,000, 22/ 14.02.2020 ₹4,00,000/-, 23/14.2.2020 ₹4,00,000) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയുണ്ടായി. 2019-20 വർഷം അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ സർക്കാരിലേക്ക് നൽകേണ്ട തുകയിൽ 11,21,400 രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്

2) 2020-21 വർഷം അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ 23,21,400 രൂപ വികസനഫണ്ട് അലോക്കേഷൻ സ്രോതസ്സിൽ നിന്നും നേരിട്ട് കിഴിവ് വരുത്തിയിട്ടുണ്ട്. ഇതിന് പുറമേ നിർവ്വഹണ ഉദ്യോഗസ്ഥ ഐ.സി.ഡി.എസ് സൂപ്പർ വൈസർ പ്രൊജക്ട് നമ്പർ 86/2020-21 പ്രകാരം 11,60,700 രൂപ (ട്രഷറി ബിൽ.നം.22/09.12.2020) സർക്കാരിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുകയുമുണ്ടായി . ഇതു മൂലം 2020-21 വർഷം അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ 11,60,700 രൂപ സർക്കാരിലേയ്ക്ക് അധികമായി ഒടുക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ഹോണറേറിയം വിഹിതം ഇനത്തിൽ നൽകേണ്ട തുക | പ്രൊജക്ട് പ്രകാരം ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക | സ്രോതസ്സിൽ നിന്നും ഈടാക്കിയ തുക | അധികം നൽകിയ തുക | കുറവ് |
|---|---|---|---|---|---|
| 2019-20 | 23,21,400 | 12,00,000 | 0 | 0 | 11,21,400 |
| 2020-21 | 23,21,400 | 11,60,700 | 23,21,400 | 11,60,700 | |

സർക്കാർ ഉത്തരവ് പ്രകാരം അധികൃതർ യഥാസമയം നടപടികൾ സ്വീകരിക്കാതിരുന്നതിനാൽ 2019-20 വർഷം പദ്ധതി വിഹിതത്തിൽ നിന്നും വിനിയോഗിക്കാമായിരുന്ന 11,21,400 രൂപ നഷ്ടപ്പെടുകയാണുണ്ടായത്. അതേസമയം 2020-21 വർഷം സർക്കാർ മാർഗ്ഗ നിർദ്ദേശം പാലിക്കാത്തതിനാൽ 11,60,700 രൂപയുടെ അധികച്ചെലവും ഉണ്ടായിട്ടുണ്ട്.

ഇക്കാര്യം ഉചിത മാർഗ്ഗേണ (നഗരസഭാ കൗൺസിലിന്റെ ശുപാർശയോടെ നഗരകാര്യഡയറക്ടർ മുഖേന) സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി 2020-21 വർഷം അങ്കണവാടി വർക്കർമാരുടേയും, സഹായികളുടേയും ഹോണറേറിയം വിഹിതമിനത്തിൽ സർക്കാരിലേയ്ക്ക് അധികം കൈമാറിയ 11,60,700 രൂപയിൽ 11,21,400 രൂപ 2019-20 വർഷം കുറവ് വന്ന തുകയിൽ വക കൊള്ളിക്കുവാനും അവശേഷിച്ച 39,300 രൂപ (11,60,700-11,21,400) തുടർ വർഷങ്ങളിലെ ഹോണറേറിയം വിഹിതമിനത്തിൽ ക്രമീകരിച്ച് സർക്കാരിൽ നിന്നുമുള്ള ഉത്തരവ് ലഭ്യമാക്കി ആയത് സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. ആയത് വരെ 2020-21 വർഷം പ്രൊജക്ട് 86/2020-21 പ്രകാരം സർക്കാരിലേയ്ക്ക് അധികമായി കൈമാറിയ 11,60,700/- രൂപയുടെ

ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/20-21 തി.12.01.2022) നിർവ്വഹണ ഉദ്യോഗസ്ഥ 14.1.2022 ന് നൽകിയ മറുപടിയിൽ, പ്രസ്തുത അപാകത ക്രമീകരിക്കുന്നതിനായി കാഞ്ഞങ്ങാട് നഗരസഭാ സെക്രട്ടറി, ധനകാര്യ വകുപ്പിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിക്കുകയുണ്ടായി )

## 1-41 നഗരസഭ പെൻഷൻഫണ്ട്- അവലോകനം

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം- റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2), 8, 10 എന്നിവ പ്രകാരം നഗരസഭയിലെ റഗുലർ ജീവനക്കാരുടെയും, 1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെയും 2020-21 വർഷത്തെ പെൻഷൻ വിഹിതത്തിന്റെ ഒടുക്ക്, പെൻഷൻ വിതരണത്തിനായി സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക അവയുടെ വിനിയോഗം, പെൻഷൻ വിതരണം എന്നിവ പരിശോധിച്ചു.

**നഗരസഭാ റഗുലർ ജീവനക്കാരുടെ പെൻഷൻഫണ്ട്.**

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം നഗരസഭാ സെക്രട്ടറിയുടെ പേരിൽ പെൻഷൻ ഫണ്ടിനായി കാഞ്ഞങ്ങാട് സബ്ട്രഷറിയിൽ ടി.പി.340 എന്ന അക്കൗണ്ട് നിലവിലുണ്ട്. 2020-21 ൽ സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ആകെ 29,72,210/-രൂപ ലഭിച്ചു. പലിശ ഇനത്തിൽ 14,404/-രൂപ വരവുണ്ട്. നഗരസഭയിൽ നിന്നും 2020-21 ൽ ശ്രീ.പി.പി.രാജശേഖരൻ നായർ, ഹെൽത്ത് സൂപ്പർവൈസർ വിരമിച്ചു. ആകെ 28പേരാണ് നിലവിൽ പെൻഷൻ കൈപ്പറ്റുന്നത്.

1996 ലെ കേരളാ മുനിസിപ്പൽ (ജീവനക്കാരുടെ ഡെത്ത് -കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി സെൻട്രൽ പെൻഷൻ ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. അധികൃതർ ലഭ്യമാക്കിയ കണക്ക് പ്രകാരം ഈ വർഷം ആകെ 19,55,676/- രൂപയാണ് ഈയിനത്തിൽ ഒടുക്കിയത്.

2020-21 വർഷത്തെ നഗരസഭാ പെൻഷൻ ഫണ്ടിലെ വരവ്-ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 3,44,729 | പെൻഷൻ നൽകിയത് | 55,79,008 |
| മുനിസിപ്പൽ ഫണ്ട് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തത്. | 23,12,920 | | |
| സെൻട്രൽ പെൻഷൻ ഫണ്ടിൽ നിന്നും ലഭിച്ച തുക , പലിശ അടക്കം | 29,86,614 | നീക്കിയിരിപ്പ് | 65,255 |
| ആകെ | 56,44,263.00 | ആകെ | 56,44,263.00 |

**നഗരസഭാ കണ്ടിൻജന്റ് ജിവനക്കാരുടെ പെൻഷൻഫണ്ട്.**

1996 ലെ കേരളാ മുനിസിപ്പൽ (കണ്ടിൻജന്റ് ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ ചട്ടം 7(1) പ്രകാരം നഗരസഭയിലെ കണ്ടിൻജന്റ് ജീവനക്കാരുടെ പെൻഷൻ വിതരണത്തിന് കാഞ്ഞങ്ങാട് നഗരസഭ പ്രത്യേക അക്കൗണ്ട് തുടങ്ങിയിട്ടില്ല. ചട്ടം 7(2) പ്രകാരം ഓരോ ജീവനക്കാരുടെയും അതാത് മാസത്തെ മൊത്തവേതനത്തിന്റെ 15% തുക പെൻഷൻ വിഹിതമായി പിരിച്ച് ഈ ഫണ്ടിൽ ഒടുക്കേണ്ടതാണ്. നിലവിൽ ഈ വിഹിതം പിരിക്കുന്നില്ല എന്നാണ് നഗരസഭ അറിയിച്ചത്. ഇത് ചട്ടപ്രകാരം തെറ്റായ നടപടിയാണ്. എത്രയും പെട്ടെന്ന് കണ്ടിൻജന്റ് പെൻഷൻ വിതരണത്തിനായി പ്രത്യേക അക്കൗണ്ട് തുടങ്ങി ചട്ട പ്രകാരമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുക എല്ലാ മാസവും പെൻഷൻ ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഇത് ഭാവിയിൽ നഗരസഭക്ക് പെൻഷൻ നൽകുന്നതിന്റെ ബാധ്യത ഒരു പരിധിവരെ ലഘൂകരിക്കും. ഈ വർഷം ആകെ 24,57,390/- രൂപയാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായി ചെലവഴിച്ചത്. 16 പേരാണ് നിലവിൽ പെൻഷൻ കൈപ്പറ്റുന്നത്.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കല്ലംചിറ റോഡിൽ നിന്നും തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡ് ടാറിംഗും ഓവുചാൽ നിർമ്മാണവും പ്രവൃത്തി-ജി.എസ്.ടി കോമ്പൻസേഷനായി അധികം നൽകിയ തുക തിരികെ ഈടാക്കണം.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

സർക്കാർ സർക്കുലർ നം. 18/2019/ഫിൻ, തിയതി 01/03/2019 അനുസരിച്ച് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയറുടെ 06.03.2019 ലെ സർക്കുലർ നമ്പർ CE/Admin/PLA/EMP/1014/(A)/05 പ്രകാരം 15.032019 മുതൽ കാസറഗോഡ് ജില്ലയിൽ പ്രാബല്യത്തിൽ വന്ന കോസ്റ്റ് ഇന്റക്സ് ആയ 32.04% അടിസ്ഥാനമാക്കി തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്കു മാത്രമേ ജി.എസ്.ടി കോമ്പൻസേഷൻ വകയിരുത്താനും കരാറുകാർക്ക് നൽകാനും സാധിക്കുകയുള്ളൂ. എന്നാൽ കോസ്റ്റ് ഇന്റക്സ് 38.24% അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയ കല്ലംചിറ റോഡിൽ നിന്നും തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡ് ടാറിംഗും ഓവുചാൽ നിർമ്മാണവും എന്ന പ്രവൃത്തിയുടെ അന്തിമ ബില്ല് പ്രകാരം കരാറുകാന് തുക അനുവദിച്ചപ്പോൾ ജി.എസ്.ടി കോമ്പൻസേഷനായി 2,02,187/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നം. | എസ്.ഒ 197/21 (കല്ലംചിറ റോഡിൽ നിന്നും തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡ് ടാറിംഗും ഓവുചാൽ നിർമ്മാണവും) |
| അടങ്കൽ | ₹ 20 ലക്ഷം രൂപ (തനത് ഫണ്ട്) |
| എസ്റ്റിമേറ്റ് | ₹ 20 ലക്ഷം രൂപ (EST NO: 2018/27357) |

| | | | |
|---|---|---|---|
| സാങ്കേതികാനുമതി | ₹ 20 ലക്ഷം രൂപ No. 78892/2018-2019<br>(Order No.LSGD/TS/2018-2019/27357 Dated 03.08.2018 & 06.06.2020, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി. സബ് ഡിവിഷൻ, കാഞ്ഞങ്ങാട്). | | |
| എം. ബുക്ക് നം. | 108/20-21 | | |
| ആകെ അളവ് മൂല്യം | ₹ 16,84,895/- | | |
| കരാറുകാരൻ | ബാബു.എം.ജോസഫ് | | |
| ക്വാട്ട് ചെയ്ത നിരക്ക് | 16,84,896/- | | |
| എഗ്രിമെന്റ് നമ്പർ | 36/19-20 Dated 31.10.2019 | | |
| കരാറുകാരന് നൽകിയ തുകയുടെ വിവരം | ചെക്ക് നം, തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 1022864/11.02.2021 | ₹ 18,87,082/- | ₹ 18,19,686/- |

കല്ലംചിറ റോഡിൽ നിന്നും തെക്ക് ഭാഗത്തേക്ക് പോകുന്ന റോഡ് ടാറിംഗും ഓവുചാൽ നിർമ്മാണവും എന്ന പ്രവൃത്തിക്കായി DSR 2016 (Cost Index 38.24%) പ്രകാരം 19,48,710/- രൂപ എസ്റ്റിമേറ്റുള്ള (റോഡ് ടാറിംഗ് പ്രവൃത്തിക്ക് 6,22,155/- രൂപയും ഓവുചാൽ നിർമ്മാണ പ്രവൃത്തിക്ക് 13,26,555/- രൂപയും) പദ്ധതി തയ്യാറാക്കി 2020-2021 സാമ്പത്തിക വർഷം നഗരസഭ നടപ്പാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 38.24% കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കിയാണ്. ഈ എസ്റ്റിമേറ്റിൽ (EST NO:2019/7455) ജി.എസ്.ടി കോമ്പൻസേഷന് തുക വകയിരുത്തിയിട്ടില്ല. ഇ ടെണ്ടർ മുഖേന നടപ്പാക്കിയ ഈ പ്രവൃത്തി കുറഞ്ഞ തുക (16,84,896/-) ക്വാട്ട് ചെയ്ത ശ്രീ. ബാബു എം ജോസഫ് എന്ന കരാറുകാരൻ ഏറ്റെടുക്കുകയുണ്ടായി. പിന്നീട് റോഡ് ടാറിംഗ് പ്രവൃത്തി ഒഴിവാക്കി റോഡ് ഉയർത്തി കോൺക്രീറ്റ് ചെയ്യുന്നതിനായി അടങ്കൽ തുകയിൽ മാറ്റം വരാതെ എസ്റ്റിമേറ്റ് റിവൈസുചെയ്യുകയുണ്ടായി. നഗരസഭ കൗൺസിൽ തീരുമാനം നമ്പർ 6/1 തീയതി 03.07.2020 പ്രകാരം നിലവിലെ കരാറുകാരനെ തന്നെ പ്രവൃത്തി ഏൽപ്പിക്കുകയുമുണ്ടായി. പുതുക്കിയ എസ്റ്റിമേറ്റും തയ്യാറാക്കിയിരിക്കുന്നത് 38.24% കോസ്റ്റ് ഇന്റക്സ് അടിസ്ഥാനമാക്കിയാണ്. കൂടാതെ പുതുക്കിയ എസ്റ്റിമേറ്റിലും ജി.എസ്.ടി കോമ്പൻസേഷന് തുക വകയിരുത്തിയിട്ടില്ല. എന്നാൽ പ്രവൃത്തിയുടെ കരാറുകാരന് അന്തിമ ബിൽ പ്രാകാരം തുക അനുവദിച്ചപ്പോൾ 12% ജി.എസ്.ടി കോമ്പൻസേഷൻ നൽകിയിട്ടുണ്ട്. അന്തിമ ബിൽ പ്രാകാരം കരാറുകാരന് തുക നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹ 16,84,895/- |
| (+) 12% GST | ₹ 2,02,187/- |
| **ആകെ** | **₹ 18,87,082/-** |
| (-) ആദായ നികുതി @ 1% | ₹ 16,849/- |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 16,849/- |
| (-) CGST @ 1% | ₹ 16,849/- |
| (-) SGST @ 1% | ₹ 16,849/- |

| | |
|---|---|
| കരാറുകാരന് നല്കിയ തുക | ₹ 18,19,686/ |

ഈ പ്രവൃത്തിയിൽ ജി.എസ്.ടി കോമ്പൻസേഷൻ തുക അനുവദനീയമല്ലാത്തതിനാൽ പ്രവൃത്തിക്കായി യഥാർത്ഥത്തിൽ ബാങ്കിൽ നിന്നും പിൻവലിക്കേണ്ടത് 16,84,895/- രൂപയാണ്. എന്നാൽ പ്രവൃത്തിക്കായി 18,87,082/-രൂപ ബാങ്കിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ഇതുമൂലം 2,02,187/- രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഇത് പ്രവൃത്തിയുടെ അന്തിമ ബിൽ തുക നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയായി നിജപ്പെടുത്തുന്നു.

(പ്രവൃത്തിക്കായി ₹2,02,187/- അധികം ചെലവഴിച്ചതിന് വിശദീകരണം നല്കുവാൻ നിർവ്വഹണോദ്യോഗസ്ഥനോട് ഓഡിറ്റ് എൻക്വയറി നം.27/2020-21 തീ:18.01.2022 പ്രകാരം ആവശ്യപ്പെട്ടിരുന്നതിന് മറുപടിയായി തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്).

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

